കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് - 2018-19

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല
e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

ഭരണഭാഷ-മാതൃഭാഷ

കെ.എസ്.എ.പിറ്റിഎ.പി6/926/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 05.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ.പി 6/ 926/19 തീയതി: 05.12.2019

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 15.10.2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	വിജയലക്ഷ്മി പി.കെ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	16.10.2019 മുതൽ 31.10.2019 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം	ശ്രീ അനിൽകുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) ശ്രീ. ഷൈജു വൈ., സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീമതി അശ്വതി വി. നായർ, ഓഡിറ്റർ

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ ബാബു പുല്ലാട്ട്	01.04.2018 മുതൽ 31.03.2019 വരെ
ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീമതി ദീനാമ്മ സെബാസ്റ്റ്യൻ	01.04.2018 മുതൽ 31.03.2019 വരെ
ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീ ഷംസുദ്ദീൻ	01.04.2018 മുതൽ 31.03.2019 വരെ
ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീമതി സിനി എബ്രഹാം	01.04.2018 മുതൽ 31.03.2019 വരെ
ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	ശ്രീമതി പ്രീതാ തോമസ്	01.04.2018 മുതൽ 31.03.2019 വരെ
സെക്രട്ടറി	ശ്രീമതി സുധ എസ്.	01.04.2018 മുതൽ 31.03.2019 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീമതി അമ്പിളി സി.എം.	01.04.2018 – 19.11.2018

	ശ്രീ അനിൽ എബ്രഹാം	20.11.2018 – 29.11.2018
	ശ്രീമതി ജെസി മാത്യു	30.11.2018 – 31.03.2019
വെറ്ററിനറി സർജൻ	ശ്രീ എബി കെ. എബ്രഹാം	01.04.2018 – 31.03.2019
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	ഡോ. ഷാജി ബി.	01.04.2018 – 31.03.2019
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ. വി.ഒ. സജി	01.04.2018 – 31.03.2019
വി.ഇ.ഒ.	ശ്രീ ബിനുകുമാർ ടി.	01.04.2018 – 09.10.2018
	ശ്രീ നക്ഷത്ര കുമാർ എസ്.	10.10.2018 – 28.11.2018
	ശ്രീ ബിനുകുമാർ ടി.	29.11.2018 – 31.03.2019
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി സ്മിത എസ്.	01.04.2018 – 18.07.2018
	ശ്രീമതി സുധർമണി എസ്.	19.07.2018 – 31.03.2019
ഹെഡ്മിസ്ട്രസ്സ്	ശ്രീമതി രേണുക കെ.പി.	01.04.2018 – 31.03.2019
അസി.എഞ്ചിനീയർ	ശ്രീമതി അനിത കുമാരി എം.റ്റി.	01.04.2018 – 18.06.2018
	ശ്രീമതി അനി ഷാജി	19.06.2018 – 31.03.2019
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീ മനോജ് ബി.	01.04.2018 – 31.03.2019

ഉള്ളടക്കം

ക്രമ നം.	വിഷയം	ഖണ്ഡിക നമ്പർ
	ഭാഗം 1- ഓഡിറ്റ് റിപ്പോർട്ട്	
1.	ബഡ്ജറ്റ്	1-1
2.	വാർഷിക ധനകാര്യപത്രിക	1-2
3.	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
4.	ഫണ്ട് വിനിയോഗം	1-4
5.	പദ്ധതി അവലോകനം	1-5
6.	തൊഴിലുറപ്പ് പദ്ധതി	1-6
7.	ക്ഷേമപദ്ധതികൾ	1-7
8.	ക്യാഷ് വെരിഫിക്കേഷൻ	1-8
9.	ആഭ്യന്തര നിയന്ത്രണം	1-9
10.	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11.	വാർഷിക കണക്കിലെ അപാകതകൾ	1-11
12.	രസീതുപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ	1-12
13.	ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു	1-13
14.		

	മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-14
15.	വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു	1-15
16.	ഉപയോഗിച്ച രസീത് വീണ്ടും ഉപയോഗിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തി	1-16
17.	വസ്തുനികുതി - സാംഖ്യ രസീതുകൾ പോസ്റ്റ് ഡേറ്റാ എൻട്രി ചെയ്തതിലെ അപാകതകൾ മൂലം വരുമാനച്ചോർച്ച	1-17
18.	സാംഖ്യ സോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്യുന്ന രസീതിലെ തുക സഞ്ചയ സോഫ്റ്റ്വെയറിൽ വരവായി നിലനിൽക്കുന്നു	1-18
19.	തൊഴിൽനികുതി പിരിവിലെ അപാകതകൾ	1-19
20.	കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല	1-20
21.	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല	1-21
22.	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പിരിവിലെ അപാകതകൾ	1-22
23.	സ്വകാര്യ ആശുപത്രികൾ ലൈസൻസ് പുതുക്കുന്നില്ല	1-23
24.	വാടക പിരിവിലെ അപാകതകൾ	1-24
25.	പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത	1-25
26.	ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ് - പെനാൽറ്റി ഇനത്തിൽ തുക അടവാക്കി	1-26
27.	സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് - അധിക തുക അടവാക്കി	1-27
28.	മാമുക്ക് പാലത്തിന് സമീപം കുട്ടികളുടെ പാർക്ക്- മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല	1-28
29.	വീട് പുനരുദ്ധാരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-29
30.	കുടിവെള്ള ടാങ്ക് വിതരണം (എസ്.സി.പി)- ടെണ്ടർ നടപടി ക്രമങ്ങൾ സുതാര്യമല്ല	1-30
31.	പട്ടികജാതി കുട്ടികൾക്ക് പഠനമുറി-മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ തുക നൽകി	1-31
32.	ആശ്രയ പദ്ധതി - തദ്ദേശസ്ഥാപന വിഹിതമായ 2 ലക്ഷം രൂപ സി.ഡി.എസ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല	1-32
33.	എസ്.സി വിവാഹ ധനസഹായം-അപാകതകൾ	1-33
34.	ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല	1-34
35.	എസ്.എസ്.എ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല	1-35
36.	വയോജനങ്ങൾക്ക് യോഗ പരിശീലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-36
37.	മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-37
38.	ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും (KAICO) നേരിട്ട് ഉൽപ്പാദനോപാധികൾ വാങ്ങി	1-38
39.	കാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല	1-39
40.	തുല്യതാ പഠനം (67/19) – പദ്ധതി മോണിട്ടർ ചെയ്യുന്നില്ല	1-40
41.	പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി	1-41
42.	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (4/19) – അർഹമായ നിരക്കിൽ ആനുകൂല്യം നിഷേധിച്ചു	1-42
43.	ടി.എച്ച്.ആർ.എസ്. ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയില്ല; അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല	1-43
44.	മരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ	1-44

45.	ഒരേ സാമ്പത്തിക വർഷം ഒരേ പേരിൽ രണ്ട് മരാമത്ത് പ്രോജക്ടുകൾ	1-45
46.	അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച	1-46
47.	മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നില്ല; കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യപ്തത	1-47
48.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ വീഴ്ചവരുത്തി	1-48
49.	ശബരിമല ഫണ്ട് വിനിയോഗത്തിൽ വീഴ്ച	1-49
50.	ഉറവിട മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി സ്തംഭനാവസ്ഥയിൽ	1-50
51.	സംയുക്ത പദ്ധികൾക്കുള്ള അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു - മാർഗ്ഗരേഖയുടെ ലംഘനം	1-51
	ഭാഗം 2 - വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
	ഇല്ല	
	ഭാഗം 3 - ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
52.	കോൺക്രീറ്റിംഗിന്റെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല - പഞ്ചായത്ത് ഫണ്ടിന് 10824 രൂപ നഷ്ടം	3-1
	ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
53.	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
54.	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
55.	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
56.	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്	4-4
57.	വായ്പ/വായ്പ തിരിച്ചടവ്	4-5
58.	സ്ഥിരനിക്ഷേപങ്ങൾ	4-6
59.	ഓഡിറ്റ് റിക്കവറി	4-7
60.	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
61.	ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം	4-9
62.	ഓഡിറ്റ് പ്രത്യവലോകനം	4-10
63.	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
64.	AUDIT CERTIFICATE	Annexure - 1
65.	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം - 1

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്

1-1 ബഡ്ജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് 22-03-18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിന് 18.02.2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ധനകാര്യപത്രിക ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2018-19	31.07.2019	17.04.2019

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

ഇനം	2018-19
മുന്നിരിപ്പ്	18698674.62
വരവ്	62317985
ആകെ	81016659.62
ചെലവ്	65130538
നീക്കിയിരിപ്പ്	15886121.62

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	വർഷത്തെ ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് ശതമാനം
വികസന ഫണ്ട് - ജനറൽ (A C R പ്രകാരം)	0	11336000	11336000	10989378	346622	97
ധനകാര്യ കമ്മീഷൻ അവാർഡ് (A C R പ്രകാരം)	0	5261000	5261000	5063294	197706	96
വികസന ഫണ്ട് - എസ്.സി.പി (A C R പ്രകാരം)	0	2061000	2061000	945817	1115183	46
വികസന ഫണ്ട് - റ്റി.എസ്.പി (A C R പ്രകാരം)	0	73000	73000	67000	6000	92
സംരക്ഷണ ഗ്രാന്റ് - റോഡിതരം (A C R പ്രകാരം)	0	2780000	2780000	2358515	421485	85
സംരക്ഷണ ഗ്രാന്റ് - റോഡ് (A C R പ്രകാരം)	0	14169000	14169000	13393678	775322	95
ടഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്)	2304167	6324249	8628416	7996928	631488	
ഡി.സി.ബി. (സാക്ഷരത)	8932	452	9384	0	9384	
എം.ജി.എൻ.ആർ.ഇ.ജി.എസ്.	4221	13479428	13483648.70	13472077	11571.70	
ടഷറി റ്റി.എസ്.ബി. (ജോയിന്റ് വെഞ്ചുർ)	1000000	4681510	5681510	5561762	119748	
എസ്.ബി.ഐ. (ദുരിതാശ്വാസ നിധി)	3291	167	3458	0	3458	
ബി-ഫണ്ട്	0	16009360	16009360	16009360	0	
തനത് ഫണ്ട്	17527931	38314561	55842492	40283821	15558671	

ക്യാഷ് (തനത് ഫണ്ട്)	130233	45527747	45657980	45497394	160586	
മറ്റിനം (ഹരിയാലി, ജലനിധി, ലക്ഷംവീട്)	0		0		0	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത്	അടങ്കൽ	നടപ്പാക്കിയത്	ചെലവഴിച്ച തുക	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2018-19	184	92559668	148	51465435	36	80%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	4220.70	357317	361537.70	349966	11571.70
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	13122111	13122111	13122111	-

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
കർഷകതൊഴിലാളി പെൻഷൻ	32	387200
വിധവാ പെൻഷൻ	416	5031600
വാർദ്ധക്യകാല പെൻഷൻ	824	8728400
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	143	1680000
50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	14	171600
തൊഴിൽ രഹിത വേതനം	7	10560

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2019 തീയതിയിൽ 4.30 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 14855 രൂപയുടെ (പതിനാലായിരത്തി എണ്ണൂറ്റി അമ്പത്തിയഞ്ച് രൂപ മാത്രം) കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ്, ചെലവ് രേഖകളും, അനുബന്ധ രജിസ്റ്ററുകളും തൃപ്തികരമായി സൂക്ഷിക്കുകയും, പരിശോധനയ്ക്ക് ഹാജരാക്കുകയും

ചെയ്തിട്ടുണ്ട്. എന്നാൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. രേഖകളും രജിസ്റ്ററുകളും ക്രമീകരിച്ച് സൂക്ഷിക്കുന്നതിന് റിക്കോർഡ് റും സജ്ജീകരിച്ചിട്ടില്ല.

പേഴ്സണൽ രജിസ്റ്റർ: ഓഫീസ് സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

അക്കൗണ്ടിംഗ് സംവിധാനം: സാഖ്യാ സോഫ്റ്റ്വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്,	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.08.2019 – 29.08.2019	2019, മേയ്, ജൂൺ, ജൂലായ്	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	05.01.2018 – 17.01.2018	2012-13 - 2016-17	26.02.18

1-11 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, പരിഹരിക്കാനവശേഷിക്കുന്നതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഷെഡ്യൂൾ ബി2- ബാലൻസ് തുക കൃത്യമല്ല.(B17,RP40(b) എന്നീ ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകൾ കൃത്യമല്ല.
2. ഷെഡ്യൂൾ ബി4 - ബാലൻസ് തുക കൃത്യമല്ല.(B17,RP40(b) എന്നീ ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകൾ കൃത്യമാണ്.)
3. ആയുഷ് വകുപ്പിൽ നിന്നും ആയുർവേദാശുപത്രിയുടെ അറ്റകുറ്റപ്പണിയ്ക്കായി ലഭിച്ച 315321 രൂപ തൻ വർഷം ചെലവഴിച്ചിട്ടില്ല. എന്നാൽ ഷെഡ്യൂൾ ബി4 ൽ ടി തുക ബാദ്ധ്യതായി ഉൾപ്പെടുത്തിയിട്ടില്ല.
4. ഗ്രണഭോക്തൃ വിഹിതം- രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
5. ഷെഡ്യൂൾ-B11- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻ വർഷം ആർജ്ജിച്ച എല്ലാ ആസ്തികളും ഷെഡ്യൂൾ B11 ൽ ഉൾപ്പെട്ടിട്ടില്ല.
6. വസ്തു നികുതി- ഡിമാന്റ് ,കളക്ഷൻ തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
7. ഷെഡ്യൂൾ B18 - 1) KSEB,KWA - ബാലൻസായി കാണിച്ചിട്ടുള്ള തുകകൾ കൃത്യമല്ല.(നിക്ഷേപ പ്രവൃത്തികളെ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.)
8. ഷെഡ്യൂൾ I-6 - NREGA - ചെലവ് തുക കൃത്യമല്ല.
9. തൊഴിൽ നികുതി - പിരിച്ചെടുക്കാൻ അവശേഷിക്കുന്ന (രജിസ്റ്റർ പ്രകാരം) 94196 /- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

10. ഷെഡ്യൂൾ B17 - കോ ഓപ്പറേറ്റീവ് ബാങ്ക് തനതു ഫണ്ട്- ബാലൻസ് തുക - (-) 11 , VPFA-1 ബാലൻസ് തുക -(-) 0.73 .പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടുണ്ടെങ്കിൽ വാർഷിക ധനകാര്യ പത്രികയിലെ B17,RP 40(b) ഷെഡ്യൂളുകളിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

1-12 രസീതുപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന രസീതുബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ടി രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വിതരണവിവരം ഇവ രേഖപ്പെടുത്തുന്നില്ല. (ഉദാ.ബുക്ക് നം.25675,25683)

സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.25678 (9മുതൽ 100 വരെ), ബുക്ക് നം. 25682 (36 മുതൽ 100 വരെ)).

നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനംതിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

1-13 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, റാന്നി ശാഖയിൽ 37091393727 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയ ഓൺലൈൻ വസ്തുനികുതിയ്ക്കുള്ള സോഫ്റ്റ്വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തുക ഒടുക്കിയ തീയതി	തുക	അക്കൗണ്ടിൽ വരവ് വന്ന തീയതി
27.04.2018	3225	02.05.2018
22.05.2018	729	30.05.2018
02.06.2018	12246	11.06.2018
17.12.2018	19106	27.12.2018
24.12.2018	22213	31.12.2018
05.02.2019	2475	29.03.2019
09.02.2019	6127	12.03.2019
22.02.2019	7870	08.03.2019
23.02.2019	20077	23.03.2019
25.03.2019	3879	09.04.2019

ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്ത് അധികൃതരുടേയും ഡി.ഡി.പിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ചില മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ. (ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ

നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ടവറുകളുടെ വിവരം	വാർഡ് നം./ കെട്ടിട നം.	പ്ലിന്ത് ഏരിയ (ച.മീ)	നികുതി തുക(രൂ)	നികുതി ഈടാക്കിയതിന്റെ വിവരം
1	ബി.എസ്.എൻ.എൽ	1/277 A	6.76	3042	2013 മുതൽ ഈടാക്കിയിട്ടില്ല
2	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	12/386	14	7000	2014മുതൽ ഈടാക്കിയിട്ടില്ല
3	ബി.എസ്.എൻ.എൽ	13/135 A	7.07	4242	2013 മുതൽ ഈടാക്കിയിട്ടില്ല

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.42/30.10.2019) ടി മൊബൈൽ ടവർ ഉടമകൾക്ക് ആർ.ആർ.നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ ഒരേ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

<u>അടിസ്ഥാന വസ്തു നികുതി നിരക്ക് -</u>
(വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ)
100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ - 40 രൂപ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവ - 60 രൂപ

ക്രമ നം.	ഉടമസ്ഥന്റെ പേരും വിലാസവും	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക്	കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക്
1	ശ്രീ.അനിൽ കോയിക്കൽ അങ്ങാടി.പി.ഒ.	7/99 B	211.14 ച. മീ	40	60
		ആകെ	211.14 ച. മീ		
2	ശ്രീമതി സാറാമ്മ തോമസ് പുല്ലൂർ, റാന്നി	7/927	67ച.മീ	40	60
		7/928	42 ച.മീ		
		ആകെ	**109 ച.മീ**		
3	ശ്രീ അരുൺ.കെ.എബ്രഹാം കരിങ്കുറ്റിയിൽ അങ്ങാടി.പി.ഒ	7/941 A1	24.37ച.മീ	40	60
		7/941 B	44.1ച.മീ		
		7/941 C	44.1ച.മീ		
		ആകെ	**112.57ച.മീ**		

4	ശ്രീമതി ജെസ്‌ലി മാത്യൂസ് രാജൻ പനവേലിൽ അങ്ങാടി.പി.ഒ	7/1040 A	20.2ച.മീ	40	60
		7/1040 B	32.4ച.മീ		
		7/1040 C	67.59ച.മീ		
		7/ 1040D	16.9ച.മീ		
		7/ 1040E	11.92 ച.മീ		
		ആകെ	**149.01ച.മീ**		
5	ശ്രീ. എം.കെ.കുരുവിള മുലേത്തറ മേപ്രത്ത് അങ്ങാടി.പി.ഒ	7/1062 B	112.69ച.മീ	40	60
		7/1062 A	112.69ച.മീ		
		7/1062 C	112.69ച.മീ		
		ആകെ	**338.07ച.മീ**		
6	ശ്രീ.പി.എ.എബ്രഹാം, പി.എ.മാത്യു കണ്ണാത്ത് മുറിയിൽ അങ്ങാടി.പി.ഒ	7/1073R1	17.56ച.മീ	40	60
		7/1073R2	16.3 ച.മീ		
		7/1073R3	10.4 ച.മീ		
		7/1073	44.26 ച.മീ		
		7/1074	56.59 ച.മീ		
		7/1075	68.5 ച.മീ		
		ആകെ	**213.61 ച.മീ**		
7	ശ്രീ. ഡയസ് ഇടിക്കുള മുരിക്കോലിപ്പുഴ അങ്ങാടി.പി.ഒ	7/1076	54ച.മീ	40	60
		7/1077	23.87ച.മീ		
		7/1077 A	23.87ച.മീ		
		ആകെ	**101.74ച.മീ**		
8	ശ്രീ. വി.എം.ജോർജ്ജുകുട്ടി വള്ളിയിൽ പഴവങ്ങാടി	7/1084	14ച.മീ	40	60
		7/1086A	30.32ച.മീ		
		7/1088A	195.97ച.മീ		
		7/1089A	70.08 ച.മീ		
		ആകെ	**310.37ച.മീ**		
9	ശ്രീ.ഫിലിപ്പ്.വി.ഫിലിപ്പ് വല്യാനേത്ത് അങ്ങാടി.പി.ഒ	6/127 B	77.08ച.മീ	40	60
		6/127C	36.08ച.മീ		
		ആകെ	**113.16ച.മീ**		
10	ശ്രീ. തോംസൺ പുരയ്ക്കൽ ഇരുട്ടിച്ചുവട്	6/315 R2	34.84ച.മീ	40	60
		6/315 R3	34.84ച.മീ		
		6/315 R4	34.84ച.മീ		
		6/315 R1	34.85ച.മീ		
		ആകെ	**139.37ച.മീ**		
11	ശ്രീ.ജോൺ വർഗ്ഗീസ് തുളിമണ്ണിൽ ഇരുട്ടിച്ചുവട്	5/389 A	37.8ച.മീ	40	60
		5/389 B	37.8ച.മീ		
		5/389 C	37.8ച.മീ		
		5/389 D	37.8ച.മീ		
		ആകെ	**151.2ച.മീ**		

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.14തീയതി. 23.10.2019) സഞ്ചയയിൽ മാറ്റം വരുത്തി നികുതിപുനർനിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

1-16 ഉപയോഗിച്ച രസീത് വീണ്ടും ഉപയോഗിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തി

സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തുനികുതി പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ മാന്വൽ രസീതുബുക്കുകളിലെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം കെട്ടിടങ്ങളുടെ/ഒരേ കെട്ടിടത്തിന്റെ ഒന്നിലധികം വർഷങ്ങളുടെ വസ്തുനികുതി ഇനത്തിൽ പോസ്റ്റ് ചെയ്തതായി കാണുന്നു. മാന്വൽ രസീതുപ്രകാരം ഈടാക്കിയ തുകയേക്കാൾ കൂടിയ തുക ഇപ്രകാരം പോസ്റ്റ് ചെയ്തതു മൂലം യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടിയ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	രസീതുബുക്ക് നം.	രസീത് നം.	പോസ്റ്റ് ചെയ്ത തീയതി	വാർഡ് നം./ കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്	പോസ്റ്റ് ചെയ്ത തുക	മാന്വൽ രസീത് പ്രകാരം ഈടാക്കിയ വസ്തുനികുതി/ തീയതി
1	25683	73	08.02.2019	5/3A	ടി.ഇ.ഫിലിപ്പ്	682	682/08.02.2019
2	25683	73	11.02.2019	6/53A	അന്നമ്മ ജോസഫ്	1827	
3	17745	12	04.04.2018	1/178	ജോൺ തോമസ്	4009	400/12.02.2018
4	17745	12	18.12.2018	1/178	ജോൺ തോമസ്	4009	
5	25682	23	23.01.2019	11/345	ജേക്കബ്.കെ.രാമച്ച	621	62/23.01.2019
6	25682	23	23.01.2019	11/345	ജേക്കബ്.കെ.രാമച്ച	621	

ഇവയിൽ ക്രമ നമ്പർ 1,3,5 എന്നിവ യഥാർത്ഥത്തിൽ വസ്തുനികുതി പിരിവിന് ഉപയോഗിച്ച രസീതുകളാണ്. ഇവ ഒഴികെയുള്ള മറ്റ് രസീതുകൾ ഉപയോഗിച്ച് പോസ്റ്റിംഗ് നടത്തിയതുമൂലം 6457 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/28.10.2019) രസീതുകൾ പോസ്റ്റ് ചെയ്തപ്പോഴുണ്ടായ അപാകതയാണെന്നും സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റം വരുത്തി അപാകത പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതും മാന്വൽരസീതുകൾ സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നത് കൃത്യമായി നിരീക്ഷിച്ച് അപാകത ആവർത്തിക്കാതിരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതുമാണ്. ഈ വിഷയം അന്വേഷണം നടത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായ കൃത്യമായ നഷ്ടം നിർണ്ണയിച്ച് ഈടാക്കുന്നതിന് വകുപ്പുതലനടപടിയ്ക്ക് ശുപാർശ ചെയ്യുന്നു.

1-17 വസ്തുനികുതി - സാംഖ്യ രസീതുകൾ പോസ്റ്റ് ഡേറ്റാ എൻട്രി ചെയ്തതിലെ അപാകതകൾ മൂലം വരുമാനച്ചോർച്ച

സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി പോസ്റ്റിംഗ് പരിശോധിച്ചതിൽ മുൻ വർഷങ്ങളിലെ സാംഖ്യാ രസീതുകൾ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ PDE (പോസ്റ്റ് ഡേറ്റാ എൻട്രി) ആയി പോസ്റ്റ് ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സാംഖ്യ രസീത് നം.	പോസ്റ്റ് ചെയ്ത തീയതി	വാർഡ് നം./ കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്	പോസ്റ്റ് ചെയ്ത തുക
1	11402104909	29.03.2019	3/148	ജോസ്, ഏലിയാമ്മ ജോസഫ്	268
2	11402104910	29.03.2019	3/148	ജോസ്, ഏലിയാമ്മ ജോസഫ്	268
3	11702105345	29.03.2019	1/396	ജോയി വർഗീസ്	8
4	11702105345	29.03.2019	1/396	ജോയി വർഗീസ്	854
5	11702103116	30.03.2019	8/209	പ്രസന്നൻ.എ.പി	26
6	91167100011	30.03.2019	8/209	പ്രസന്നൻ.എ.പി	454

7	91167100011	30.03.2019	8/209	പ്രസന്നൻ.എ.പി	454
8	91167100012	30.03.2019	8/209	പ്രസന്നൻ.എ.പി	454
9	91167100012	30.03.2019	8/209	പ്രസന്നൻ.എ.പി	454
10	11502100214	01.01.2019	1/168	പി.എം.ഷംസുദ്ദീൻ	721
11	11502100214	01.01.2019	1/168	പി.എം.ഷംസുദ്ദീൻ	721

2018-19 സാമ്പത്തിക വർഷത്തിലെ വിവിധ തീയതികളിൽ പോസ്റ്റ് ചെയ്തിട്ടുള്ള ടി നമ്പരുകളിലുള്ള സാംഖ്യാ രസീതുകൾ/ടി രസീതുകൾ ഉൾപ്പെട്ട ഡേബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും സാംഖ്യാ രസീതുകൾ ഇപ്രകാരം PDE ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/28.10.2019) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി സാംഖ്യ രസീതുകൾ ഏത് ആവശ്യത്തിന് ഉപയോഗിച്ചതായിരുന്നുവെന്നും യഥാർത്ഥത്തിൽ എത്ര തുകയാണ് ഈടാക്കിയിരുന്നതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഒരിക്കൽ നൽകിയ സാംഖ്യ രസീതുകൾ വീണ്ടും പോസ്റ്റ് ചെയ്ത സാഹചര്യത്തിൽ വരവുനഷ്ടം ഉണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നു. ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തി ഇതുമൂലം ഗ്രാമ പഞ്ചായത്തിന് വരുമാനമിനത്തിൽ നഷ്ടമായിട്ടുള്ള തുക കണക്കാക്കി ആയത് ഇപ്രകാരം പോസ്റ്റിംഗിൽ കുറ്റകരമായ അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതിനും നഷ്ടമായ തുക ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-18 സാംഖ്യ സോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്യുന്ന രസീതിലെ തുക സഞ്ചയ സോഫ്റ്റ്വെയറിൽ വരവായി നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ ഫ്രണ്ട് ഓഫീസിൽ പ്രിന്റ് ചെയ്യുകയും പിന്നീട് ക്യാൻസൽ ചെയ്യുകയും ചെയ്ത താഴെപ്പറയുന്ന സാംഖ്യ രസീതുകളിലെ തുക സഞ്ചയ സോഫ്റ്റ്വെയറിൽ വരവായി നിലനിൽക്കുന്നു.

ക്യാൻസൽ ചെയ്ത സാംഖ്യ രസീത് നമ്പർ/ തീയതി	ഉടമസ്ഥന്റെ പേര്	കെട്ടിടനമ്പർ	വസ്തുനികുതി (രൂപ)
118020100780/08.06.2019	ശിവൻകുട്ടി നായർ	10/299	200
118020103228/02.02.2019	ഷിബു.പി.വർഗീസ്, ഷീന.പി.ഷിബു	4/286	489
		ആകെ	689

സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ പറഞ്ഞ കെട്ടിടങ്ങളുടെ ഡിമാന്റ് പരിശോധിച്ചതിൽ ക്യാൻസൽ ചെയ്ത രസീതിലെ തുക കളക്ഷനായിട്ടുള്ളതായും യഥാർത്ഥത്തിൽ പഞ്ചായത്തിന് പണം ലഭിക്കാതെ തന്നെ സോഫ്റ്റ്വെയറിൽ ഡിമാന്റ് കുറഞ്ഞതായും കണ്ടു. ഇതു മൂലം പഞ്ചായത്ത് ഫണ്ടിന് 689 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/28.10.2019) സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റം വരുത്തി അപാകത പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടമായ തുക നിലവിലെ സെക്രട്ടറിയിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

1-19 തൊഴിൽനികുതി പിരിവിലെ അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

2018-19 വർഷത്തെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സെന്റ് തെരേസാസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാരിൽ നിന്നും 2018-19 ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനായി എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടില്ല.

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.31/28.10.2019) മറുപടിയായി ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതും സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനത്തിലെ തൊഴിലാളികളുടെ വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

1-20 കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള ചുവടെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ശ്രീ.സോമശേഖരൻ നായർ.പി.വി, പടറ്റുകാലായിൽ, ഐത്തല.പിഒ

2. ശ്രീ.രവീന്ദ്രനാഥൻ നായർ.എം.വി, കിളികാലായിൽ, ഇടപ്പാവൂർ

3. ശ്രീ.രിഞ്ജു.പി.ജയിംസ്, പള്ളത്തറയിൽ, നെല്ലിക്കമൺ

4. ശ്രീ.നിഥിൻ ജോസഫ് തോമസ്, മണിമലേത്ത്, അങ്ങാടി

5. ശ്രീ.എബ്രഹാം സി കുരുവിള, തെങ്ങുംതോട്ടത്തിൽ ചക്കുമൂട്ടിൽ, റാന്നി

6. ശ്രീ.ബാലചന്ദ്രൻ നായർ, മേലേതിൽ പുത്തൻവീട്, ഇടപ്പാവൂർ

7. ശ്രീ.മോൻ ജോസഫ്, ഒറ്റത്തെക്കൽ, നെല്ലിക്കമൺ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/28.10.2019) മേൽപ്പറഞ്ഞ വ്യക്തികളിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 819 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/	676

റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ	
വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ	39
വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ	1
വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ	2
ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ)	29
വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ	4
വ്യവസായത്തിനാവശ്യമായ കൈത്തറി ഷെഡ്/ കയർപിരി ഷെഡ്	39
ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	29
ആകെ	819

ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ 150 സ്ഥാപനങ്ങൾക്കാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ലൈസൻസ് പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-22 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പിരിവിലെ അപാകതകൾ

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ടി ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ഫീസ് ഈടാക്കുന്നതിന് അപേക്ഷകരിൽ നിന്ന് മൂലധനനിക്ഷേപം രേഖപ്പെടുത്തി വാങ്ങിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32/28.10.2018) ഈ സ്ഥാപനങ്ങൾക്ക്

നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 സ്വകാര്യ ആശുപത്രികൾ ലൈസൻസ് പുതുക്കുന്നില്ല

പാരാ മെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ, പുതുക്കൽ ഇവ സംബന്ധിച്ച രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും 2017-18 വർഷത്തിൽ ലൈസൻസ് എടുത്തിരുന്നതുമായ ട്രിനിറ്റി ഹെൽത്ത് കെയർ- അങ്ങാടി, മർത്തോമ്മ മെഡിക്കൽ മിഷൻ സെന്റർ, അങ്ങാടി എന്നീ സ്വകാര്യ ആശുപത്രികൾ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ 2018-19 വർഷം പുതുക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി ആശുപത്രികൾ നിയമപ്രകാരമുള്ള രജിസ്ട്രേഷനോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് ഉറപ്പു വരുത്തിയില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സെക്രട്ടറിയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

1-24 വാടക പിരിവിലെ അപാകതകൾ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ VII/1022, VII/1024 എന്നീ മുറികളും മാർക്കറ്റ് സ്റ്റാളുകളായ ബി1, ബി2, ബി3, ബി4, ബി5, സി1, സി2, സി3 എന്നിവയും കൂടാതെ മാർക്കറ്റിനുള്ളിൽ ഷെഡ് കെട്ടി വ്യാപാരത്തിനുമാണ് വാടക ഈടാക്കിയിട്ടുള്ളത്. ഷോപ്പിംഗ് കോംപ്ലക്സിലെ 1019, 1020 എന്നീ മുറികളിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

വാടകപിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2012-13മുതൽ പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിൽ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ടെങ്കിലും വാടക നാളിതുവരെ ഈടാക്കിയിട്ടില്ല. ടി കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിന് 07.01.16-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും 20.01.16-ൽ ജനറൽ കമ്മറ്റിയും തീരുമാനമെടുത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. മാവേലിസ്റ്റോറിന്റെ വാടക നിശ്ചയിക്കുന്നതിന് 19.08.16-ൽ പി.ഡബ്ല്യു.ഡി-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. 2015-16, 2016-17വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം സംബന്ധിച്ച് പരാമർശമുണ്ടായിരുന്നു. 2018-19 വർഷത്തിലും വാടക ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.16/23.10.2019) ലഭ്യമാക്കിയ മറുപടിയിൽ മാവേലിസ്റ്റോറിന്റെ വാടക നിശ്ചയിച്ച് നൽകുന്നതിനായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് 15.05.2018 ൽ കത്ത് നൽകിയിരുന്നതായും ഇതുവരെ വാടക നിർണ്ണയിച്ച് നൽകിയിട്ടില്ലെന്നും ഇക്കാരണത്താലാണ് വാടക ഈടാക്കാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വാടക കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
2. വാടകക്കാരുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടുന്നില്ല. അവരിൽ നിന്നും മുദ്രപത്രം വാങ്ങി പേരെഴുതി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.
3. വാടകത്തുക പുതുക്കുന്നതിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പുതുക്കി ഈടാക്കിയിട്ടില്ല.
4. വാടകക്കാരിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് സെക്രട്ടറിയുടെയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1-25 പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത

പൊതുടാപ്പുകളുടെ വെള്ളക്കരം ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയാവുന്നു. 2018-19 സാമ്പത്തിക വർഷം

വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കിയത് 1202256 രൂപയാണ്. 229 ടാപ്പുകളുടെ വെള്ളക്കരമാണ് ഗ്രാമപഞ്ചായത്ത് അടവാക്കുന്നത്. വൻതുക ഗ്രാമപഞ്ചായത്ത് പ്രതിവർഷം ഈയിനത്തിൽ ചെലവഴിക്കുന്നുണ്ടെങ്കിലും പൊതുജനങ്ങൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. ടാപ്പുകൾ പ്രവർത്തനക്ഷമമാണോയെന്നത് സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പൊതുടാപ്പുകൾക്ക് അടവാക്കുന്ന വൻതുക ഒഴിവാക്കുന്നതിനായി കുടിവെള്ള ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട് (സ.ഉ (കൈ) നം-22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.6 കുറിപ്പ് 2).എന്നാൽ ഗ്രാമപഞ്ചായത്ത് കുടിവള്ള ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. ആയതിനാൽ വെള്ളക്കരമിനത്തിലെ തനത് ഫണ്ടിൽ നിന്നുമുള്ള വൻ ബാധ്യത ഒഴിവാക്കുന്നതിനായി പ്രവർത്തനക്ഷമമായ ടാപ്പുകളെ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും ഗാർഹിക കുടിവെള്ള കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ബിൽ പ്രകാരം വെള്ളക്കരമിനത്തിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു. 2018 മാർച്ച് മാസത്തെ ബിൽ പ്രകാരം കുടിശ്ശിക 1390868 രൂപയാണ്. 2019 മാർച്ച് മാസം 1758803 രൂപയായി കുടിശ്ശിക വർദ്ധിച്ചു. കൂടാതെ 34499 രൂപ ഫൈൻ ഇനത്തിലും അടവാക്കാനുണ്ട്. ടി കുടിശ്ശിക ഏത് കാലയളവിലേതാണെന്ന് വ്യക്തമല്ല. നിലവിൽ ഗ്രാമപഞ്ചായത്ത് തൻമാസത്തെ വാട്ടർചാർജ്ജ് മാത്രമാണ് അടവാക്കുന്നത്. കുടിശ്ശിക നിലനിന്ന സാഹചര്യത്തിൽ 2018-19 വർഷം വികസന ഫണ്ടിൽ നിന്നും 54720 രൂപയും പൊതു ഉദ്ദേശ്യ ഗ്രാന്റിൽ നിന്നും 51106 രൂപയും സോഴ്സ് റിക്കവറി നടത്തി. വാട്ടർചാർജ്ജ് യഥാസമയം അടവാക്കാത്ത സാഹചര്യത്തിൽ തുടർന്നുള്ള വർഷങ്ങളിലും ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റിനത്തിലുള്ള തുക നഷ്ടമാവും . യഥാസമയം വാട്ടർചാർജ്ജ് അടവാക്കാതെ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാക്കിയതും ഗ്രാന്റിനത്തിൽ തുക നഷ്ടമാവുന്നതുമായ വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-26 ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ് - പെനാൽറ്റി ഇനത്തിൽ തുക അടവാക്കി

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ (കൺസ്യൂമർ നം.1146074000141)വൈദ്യുതി ബിൽ പരിശോധിച്ചതിൽ പെനാൽറ്റി ഇനത്തിലും തുക അടവാക്കിയതായി കണ്ടു. പെനാൽറ്റി ഇനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം., തീ.	കാലയളവ്	അടവാക്കിയ തുക	പെനാൽറ്റി ഇനത്തിലുള്ള തുക	ചെക്ക്/ വൗച്ചർ നം. തീ.
80505900/ തീയതി11-05-2018	01-03-2018 മുതൽ 30-04-2018 വരെ	8436	3770	59730/17-05-2018
4607180707020/ തീയതി 11-07-2018	01-05-2018 മുതൽ 30-06-2018 വരെ	8779	3927	21800246/30-07-2018
4607180912432/ തീയതി11-09-2018	01-07-2018 മുതൽ 31-08-2018 വരെ	8279	3704	010721/18-09-2018
4607181105228/ തീയതി 11-11-	01-09-2018	8600	3795	000118/21-11-2018

2018	മുതൽ 30-10-2018 വരെ			
4607190105766/ തീയതി 11-01-2019	01-11-2018 മുതൽ 31-12-2018 വരെ	9757	4365	000190/31-01-2019
1146074000141/ തീയതി 11-03-2019	01-01-2019 മുതൽ 28-02-2019 വരെ	8276	3703	000233/20-03-2019
ആകെ			**23264**	

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ കറന്റ് ചാർജ്ജിനൊപ്പം 23264 രൂപ പെനാൽറ്റി ഇനത്തിൽ അടവാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻകുയറി (12/18-19 തീയതി 23-10-2019) നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കെ.എസ്.ഇ.ബി ഓഫീസിൽ കത്ത് നൽകിയപ്പോൾ റാന്നി നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ അസ്സിസ്റ്റന്റ് എഞ്ചിനീയർ കാരണം വിശദീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 23-10-2019 -ൽ മറുപടി നൽകി. പ്രസ്തുത കത്തിൽ വ്യക്തമാക്കിയിരിക്കുന്നത് 2017 ഡിസംബർ മാസം 6ാം തീയതി പത്തനംതിട്ട റീജിയണൽ ഓഡിറ്റ് ഓഫീസറുടെ (കെ.എസ്.ഇ.ബി)നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തിയപ്പോൾ കണക്ടഡ് ലോഡ് 5970 വാട്സ് ആണെന്ന് കണ്ടെത്തിയെന്നും എന്നാൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലോഡ് 2000 വാട്സ് മാത്രമായിരുന്നുവെന്നുമാണ്. ഈ അധിക ലോഡിനാണ് പെനാൽറ്റി ഈടാക്കിയിട്ടുള്ളതെന്നും സൈറ്റ് മഹസറിന്റെ കോപ്പി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ടു വാങ്ങിയിട്ടുള്ളതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇപ്രകാരം കണക്ടഡ് ലോഡ് അധികമാണെന്ന് വ്യക്തമായിട്ടും ഗ്രാമപഞ്ചായത്ത് ടി വിഷയത്തിൽ യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചില്ല. കെ.എസ്.ഇ.ബി-യിൽ നിന്നുമുള്ള ബില്ലിൽ പെനാൽറ്റി എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരുന്നിട്ടും ആയത് ഗ്രാമപഞ്ചായത്തധികൃതർ അവഗണിച്ചത് വളരെ ഗുരുതരമായ ഒരു വിഷയമായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യത്തിൽ കണക്ടഡ് ലോഡ് ക്രമീകരിക്കുന്നതിനായി സിംഗിൾ ഫെയ്സ് കണക്ഷനിൽ നിന്നും ത്രീഫെയ്സ് കണക്ഷനിലേക്ക് മാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പെനാൽറ്റി ഇനത്തിൽ അധികമായി തുക അടവാക്കുന്ന നടപടി ഒഴിവാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഇനിയും തുടർനടപടികൾ സ്വീകരിച്ചില്ലായെങ്കിൽ പെനാൽറ്റി ഇനത്തിൽ അടവാക്കുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-27 സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് - അധിക തുക അടവാക്കി

ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് അടവാക്കുന്നത് റാന്നി നോർത്ത്, റാന്നി സൗത്ത് ഡിവിഷനുകളിലായിട്ടാണ്. ഇതിൽ റാന്നി നോർത്ത് സെക്ഷനിൽ മീറ്ററിംഗ് പൂർത്തീകരിച്ച് ആയത് പ്രകാരമുള്ള കറന്റ് ചാർജ്ജാണ് അടവാക്കുന്നത്. മീറ്ററിംഗിന് തുക അടവാക്കാത്ത റാന്നി നോർത്ത് ഇലക്ട്രിക് സെക്ഷനിലെ (കൺസ്യൂമർ നം- 114607100039) ഒരു മാസത്തെ കറന്റ് ചാർജ്ജ് 39415 രൂപയാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം ടി ഡിവിഷനിൽ തുക അടവാക്കിയപ്പോൾ രണ്ട് തവണ 39415 രൂപയിൽ കൂടുതൽ തുക അടവാക്കി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കാലയളവ്	ബിൽ നമ്പരും തീയതിയും	അടവാക്കിയ തുക/ബിൽ തുക	അധികമായി അടവാക്കിയ തുക	ചെക്ക് നമ്പരും തീയതിയും
ജനുവരി-2019	4607190100281/ തീയതി 01-01-	123228	83813	000190/31-01-2019

	2019			
മാർച്ച് -2019	4607190300003/ തീയതി 01-03-2019	81783	42618	000221/02-03-2019
		ആകെ	126431	

ഇപ്രകാരം അധികമായി തുക അടവാക്കിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.36/26-10-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഏതിനത്തിലാണ് കെ.എസ്.ഇ.ബി അധികമായി തുക ഈടാക്കിയതെന്ന് വ്യക്തമല്ല. അധികമായി ഈടാക്കിയ 126431 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 മാമുക്ക് പാലത്തിന് സമീപം കുട്ടികളുടെ പാർക്ക്- മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല

2017-18 വർഷം മാമുക്ക് പാലത്തിന് സമീപം കുട്ടികളുടെ പാർക്ക് നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ആയതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 3000000 രൂപ ലഭിച്ചു. എന്നാൽ ബൃഹത് പ്രോജക്ട് ആയതിനാൽ 2017-18 വർഷം പദ്ധതി നടപ്പിലായില്ല. തുടർന്ന് 2018-19 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ അസ്സിസ്റ്റന്റ് എക്സികൃട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ആയതിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിന് 2018-19 വർഷം പ്രോജക്ട് ആവിഷ്കരിക്കുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നമ്പരും പേരും	കുട്ടികളുടെ പാർക്ക്(117/18-19)	കുട്ടികളുടെ പാർക്ക്(171/18-19)
വകയിരുത്തിയ തുക	3100000 തനത് ഫണ്ട്-100000 രൂപ ജില്ലാപഞ്ചായത്ത് വിഹിതം-3000000 രൂപ	1400000 രൂപ തനത് ഫണ്ട്-1400000 രൂപ
ചെലവഴിച്ച തുക	തനത് ഫണ്ട്-100000 രൂപ ജില്ലാപഞ്ചായത്ത് വിഹിതം-3000000 രൂപ	തനത് ഫണ്ട്-1400000 രൂപ
ബിൽ നമ്പരും തീയതിയും	ചെക്ക് നം-000234 തീ 22-03-2019- 100000 രൂപ ചെക്ക് നം-01908931 തീ 2-03-2019- 3000000 രൂപ	ചെക്ക് നം-000234 തീ 22-03-2019- 1400000 രൂപ

റാന്നി അങ്ങാടി പഞ്ചായത്തിൽ മാമുക്ക് പാലത്തിനോട് ചേർന്നുള്ള സ്ഥലത്ത് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എക്സികൃട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ റാന്നി ബ്ലോക്ക് പഞ്ചായത്താണ് പദ്ധതി (SO115/19) ആവിഷ്കരിച്ചത്. വികസനഫണ്ട് 5 ലക്ഷം രൂപ, ഗ്രാമപ്പഞ്ചായത്ത് വിഹിതം 15 ലക്ഷം, ജില്ലാപ്പഞ്ചായത്ത് വിഹിതം 30 ലക്ഷം എന്നിങ്ങനെ ആകെ 50 ലക്ഷം രൂപയാണ് പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് അടങ്കൽ വകയിരുത്തിയത്. ടി പദ്ധതിക്കായി 2018-19 വർഷം റാന്നി ബ്ലോക്ക് പഞ്ചായത്ത്

വകയിരുത്തിയത് 500000 രൂപ മാത്രമാണ്. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് 4500000 രൂപ നൽകി (വികസന ഫണ്ട്-1400000 രൂപ, തനത് ഫണ്ട്-100000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം-3000000 രൂപ എന്നിങ്ങനെ).

വെള്ളം ഒഴുകുന്ന തോടിനോട് ചേർന്നാണ് നിർദ്ദിഷ്ട പാർക്ക് സ്ഥാപിക്കേണ്ടത് എന്നതിനാൽ തോടിന്റെ ഇടതുവശത്ത് 30 മീറ്റർ നീളത്തിൽ RCC സംരക്ഷണഭിത്തിയും ശേഷിക്കുന്ന ഭാഗം DR Masonry-യും ചെയ്യുന്നതിനും തോട്ടിൽ റിംഗ് ബണ്ട് സ്ഥാപിക്കുന്നതിനും ആണ് എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് സംബന്ധമായ യാതൊരു വിവരങ്ങളും ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല (റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നുമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്).

പതിമൂന്നാം പദ്ധതി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ.)നം.11/2018/ത.സ്വ.ഭ.വ തീയതി 29-01-2018) സംയുക്ത പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന തദ്ദേശ ഭരണ സ്ഥാപനമാണ് വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇവിടെ ആകെ വകയിരുത്തലിന്റെ ഭൂരിഭാഗവും നൽകിയ ഗ്രാമപഞ്ചായത്തല്ല പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ സംയുക്ത പ്രോജക്ടിൽ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുൻപ് ഒരു കരാർ വ്യവസ്ഥയിൽ ഒപ്പിടണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടുവെങ്കിലും പ്രവൃത്തി ആരംഭിക്കുന്ന തീയതിയോ പൂർത്തീകരിക്കുന്ന തീയതിയോ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

ടി പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട്,വിശദമായ എസ്റ്റ്മേറ്റ്,പ്ലാൻ,സ്കെച്ച്,പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻകയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നടപ്പാക്കുന്ന പ്രവൃത്തിയെക്കുറിച്ച് വ്യക്തമായ യാതൊരു ധാരണയുമില്ലാതെയാണ് ഗ്രാമപഞ്ചായത്ത് തുക കൈമാറിയിട്ടുള്ളത്. 2018-19 വർഷം നടപ്പാക്കിയ പ്രവൃത്തിയെ സംബന്ധിച്ചുള്ള പൂർത്തീകരണ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പാർക്കിനായി നീക്കി വച്ചിരിക്കുന്ന സ്ഥലത്ത് തോടിനോട് ചേർന്ന ഭാഗത്ത് സംരക്ഷണഭിത്തി മാത്രം നിർമ്മിച്ചതായി കണ്ടു. അല്ലാതെ പാർക്ക് സംബന്ധിച്ച് മറ്റ് യാതൊരു തുടർപ്രവർത്തനങ്ങളും നടന്നിട്ടില്ല. പാർക്കിനായി നീക്കി വച്ചിരിക്കുന്ന സ്ഥലം പൂർണ്ണമായും കാടു മൂടിയ നിലയിലാണ്. പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി പ്രവർത്തനം എന്താണെന്ന് വ്യക്തമല്ല. ടി സാഹചര്യത്തിൽ അടിയന്തിരമായി ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടതും വിശദമായ പ്രോജക്ട് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-29 വീട് പുനരുദ്ധാരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1)വാല്യുവേഷൻ ഇല്ലാതെയും അധികമായും തുക നൽകി

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് പുനരുദ്ധാരണം (ജനറൽ & എസ്.സി.പി) എന്നീ പ്രോജക്ടുകളിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ എടുക്കാതെയും മൂല്യനിർണ്ണയ തുകയേക്കാൾ അധികമായും തുക നൽകി.

(1) വീട് മെയിന്റനൻസ്- ജനറൽ

പ്രോജക്ടിന്റെ പേരും നമ്പരും	വീട് പുനരുദ്ധാരണം-ജനറൽ (65/18-19)
വകയിരുത്തിയ തുക	1300000 രൂപ
ചെലവഴിച്ച തുക	1175000 രൂപ
ബിൽ നമ്പരും തീയതിയും	നം.5 തീയതി 31-07-2018-90000 രൂപ നം.6 തീയതി 07-08-2018-210000 രൂപ നം.9 തീയതി 27-09-2018-155000 രൂപ നം.10 തീയതി 27-10-2018-125000 രൂപ നം.12തീയതി 09-11-2018-145000 രൂപ നം.17 തീയതി 19-01-2019-90000 രൂപ നം.19തീയതി 24-01-2019-70000 രൂപ

	നം.21 തീയതി 29-01-2019-75000 രൂപ നം.22 തീയതി 12-02-2019-45000 രൂപ നം.23തീയതി 12-02-2019-60000 രൂപ നം.24തീയതി 14-02-2019-50000 രൂപ നം.27 തീയതി 19-02-2019-25000 രൂപ നം.28തീയതി 22-03-2019-35000 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം അവസാന ഗഡു തുക നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കണം സബ്സിഡി നൽകേണ്ടത്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അവസാന ഗഡു തുക നൽകിയത്. അധികം തുക നൽകിയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേരും വിലാസവും	വാല്യുവേഷൻ തുക	അനുവദിച്ച സബ്സിഡി തുക	അധികമായി നൽകിയ തുക
1	സുലേഖ കുര്യൻ തൊണ്ടിട തേക്കുകാട്ടിൽ ഈട്ടിച്ചുവട്.പി.ഒ	20231	25000	4769
2	താജുദ്ദീൻ.വി.എസ് വല്ലന വടക്കേതിൽ ഈട്ടിച്ചുവട്.പി.ഒ	21775	25000	3225
3	സൂസമ്മ എബ്രഹാം ആലപ്പാട്ട് നെല്ലിക്കമൺ.പി.ഒ	20334	25000	4666
4	ആശ.റ്റി.തമ്പി തടത്തിൽ വീട് പുല്ലുപ്രം.പി.ഒ	0	25000	25000
5	ശോശാമ്മ കാവുംനടയിൽ നെല്ലിക്കമൺ.പി.ഒ	0	25000	25000
6	ഗോപിനാഥൻ നായർ കലേഷ് ഭവൻ നെല്ലിക്കമൺ.പി.ഒ	0	25000	25000
7	റ്റി.കെ.ചന്ദ്രൻ തുണ്ടിയിൽ അങ്ങാടി.പി.ഒ	23663	25000	1337
8	ശ്യമള.പി.ആർ ചിറമേൽ	20771	25000	4229

	അങ്ങാടി.പി.ഒ			
9	ശാന്തമ്മ.വി.കെ കൊച്ചുകാലായിൽ നെല്ലിക്കമൺ.പി.ഒ	7479	25000	17521
10	ലിസ്സി മാത്യു പതാലിൽ നെല്ലിക്കമൺ.പി.ഒ	22665	25000	2335
11	പ്രദീപ് കുമാർ.സി.വി ചിറക്കൽ വീട് പുല്ലുപ്രം.പി.ഒ	15438	25000	9562
			ആകെ	122644 രൂപ

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയും മൂല്യനിർണ്ണയ തുകയേക്കാൾ അധികമായും വീട് പുനരുദ്ധാരണത്തിന് 122644 രൂപ നൽകിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-20/25-10-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇക്കാരണത്താൽ ക്രമവിരുദ്ധമായി നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) വീട് മെയിന്റനൻസ്- എസ്.സി.പി

പ്രോജക്ടിന്റെ പേരും നമ്പരും	വീട് മെയിന്റനൻസ്-എസ്.സി.പി (63/18-19)
വകയിരുത്തിയ തുക	350000 രൂപ
ചെലവഴിച്ച തുക	325000 രൂപ
ബിൽ നമ്പരും തീയതിയും	11തീയതി 26-10-2018 – 75000 രൂപ 14 തീയതി 17-12-2018- 175000 രൂപ 20 തീയതി 24-01-2019- 25000 രൂപ 25 തീയതി 14-02-2019- 50000 രൂപ

പ്രോജക്ട് പ്രകാരം 7 ഗുണഭോക്താക്കൾക്കാണ് സബ്സിഡി നൽകിയത്. എന്നാൽ സബ്സിഡി നൽകിയ 3 ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിലേതിനേക്കാൾ അധികമായി തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേരും വിലാസവും	വാലുവേഷൻ പ്രകാരമുള്ള തുക	നൽകിയ തുക	വ്യത്യാസം
1	കെ.കെ വിശ്വനാഥൻ മണ്ണാറത്തറ തടത്തിൽ ഈട്ടിച്ചുവട്.പി.ഒ	38634	50000	11366
2	സുധ.പി.കെ പള്ളിപ്പുരയിടം വലിയകാവ്.പി.ഒ	49301	50000	699
3	അംബിക ഭാസ്കരൻ സരോജ് നിവാസ് പുല്ലൂപ്രം.പി.ഒ	29040	50000	20960
	ആകെ			33025

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 33025 രൂപ അധികമായി നൽകിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.27/26-10-2019) മറുപടി ലഭ്യമാക്കിയില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തെക്കാൾ അധികമായി നൽകിയ 33025 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)വീട് മെയിന്റനൻസ് പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ പേരും നമ്പരും	വീട് പുനരുദ്ധാരണം-ജനറൽ (65/18-19)
വകയിരുത്തിയ തുക	1300000 രൂപ
ചെലവഴിച്ച തുക	1175000 രൂപ

വീട് പുനരുദ്ധാരണത്തിന് അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ രണ്ടാം ഗഡു കൈപ്പറ്റുകയോ വീട് മെയിന്റനൻസ് പൂർത്തീകരിക്കുകയോ ചെയ്തില്ല. പ്രോജക്ട് പ്രകാരം 25000 രൂപയാണ് ഓരോ ഗുണഭോക്താവിനും വീട് പുനരുദ്ധാരണത്തിന് നൽകിയത്. ഒന്നാം ഗഡുവായി 15000 രൂപ മുൻകൂറും തുടർന്ന് പണി പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയായ 10000 രൂപയുമാണ് നൽകുന്നത്. എന്നാൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ വീട് മെയിന്റനൻസിനായി മുൻകൂർ തുക കൈപ്പറ്റിയിട്ടും നാളിതുവരെ വീട് മെയിന്റനൻസ് പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാലുവേഷൻ ഹാജരാക്കുകയോ രണ്ടാം ഗഡു തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേരും മേൽവിലാസവും	നൽകിയ തുക
1	ഗ്രേസി. ആർ തോട്ടിൻകര വീട് മേനോൻ തോട്ടം	15000
2	കുഞ്ഞച്ചൻ വേലുകിഴക്കേതിൽ അങ്ങാടി.പി.ഒ	15000
3	കെ.ആർ കമലാക്ഷി മേലേ പറക്കുളത്ത് ഉന്നക്കാവ്. പി.ഒ	15000
4	ശാന്തമ്മ ഗംഗാധരൻ തവമണ്ണിൽ വീട് പുല്ലുപ്രം.പി.ഒ	15000
	ആകെ	60000 രൂപ

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50% തുകയാണ് മുൻകൂറായി നൽകാവുന്നത്. ഇവിടെ 25000 രൂപയാണ് വീട് പുനരുദ്ധാരണത്തിന് പ്രോജക്ടിൽ വിഭാവനം ചെയ്ത യൂണിറ്റ് നിരക്ക്. മാർഗ്ഗരേഖ പ്രകാരം 12500 രൂപ മാത്രമാണ് മുൻകൂറായി നൽകാൻ സാധ്യമാവുന്നത്. എന്നാൽ 15000 രൂപ വീതം ഗുണഭോക്താക്കൾക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി(നം.20 തീയതി 25-10-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്ക് നൽകിയ അഡ്വാൻസ് തുകയായ 60000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വീട് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

1-30 കുടിവെള്ള ടാങ്ക് വിതരണം (എസ്.സി.പി)- ടെണ്ടർ നടപടി ക്രമങ്ങൾ സുതാര്യമല്ല

പ്രോജക്ടിന്റെ പേരും നമ്പരും	വികസന ഫണ്ട്- എസ്.സി(82/18-19)
വകയിരുത്തിയ തുക	60000 രൂപ
ചെലവഴിച്ച തുക	56237 രൂപ
ബിൽ നമ്പരും തീയതിയും	29 തീയതി 25-03-2019
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

ടെണ്ടർ നടപടി പ്രകാരം അന്ന ട്രേഡ് ലിങ്ക്സ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് കുടിവെള്ള ടാങ്ക് വാങ്ങിയത്. ടെണ്ടറിൽ മൂന്ന് സ്ഥാപനങ്ങളാണ് പങ്കെടുത്തത്. സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത വിലയുടെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

ക്രമനം	സ്ഥാപനത്തിന്റെ പേര്	ക്വോട്ട് ചെയ്ത വില	റിമാർക്സ് (ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയിരുന്ന അധിക വിവരങ്ങൾ)
1	അന്ന ട്രേഡ് ലിങ്ക്സ് അടൂർ	2540 + 18 % ജി.എസ്.ടി	ഓഷ്യൻ ത്രിവേണിയുടെ(ISO Certified company) ടാങ്ക് -500 ലിറ്റർ
		3177 + 18 % ജി.എസ്.ടി	അക്വാടെക്കിന്റെ(ISO Certified company) ടാങ്ക്- 500 ലിറ്റർ
2	കിക്കോ ബിസിനസ്സ് കോർപ്പറേഷൻ, അടൂർ	3100	ഓഷ്യൻ ത്രിവേണിയുടെ(ISO Certified company) ടാങ്ക്- 500 ലിറ്റർ
3	അരുൺ പോളിമേഴ്സ് മധുര	2900	ISI Certified Product 500 ലിറ്റർ വ്യാപ്തം 100 % virgin plastic Double Layer

അന്ന ട്രേഡ് ലിങ്ക്സ് ക്വോട്ട് ചെയ്ത അക്വാടെക് ടാങ്ക് വെർജിൻ പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ചതും ഐ.എസ്.ഒ മാർക്കുള്ളതും ആണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ പ്രൊക്വർമെന്റ് കമ്മിറ്റിയെ അറിയിച്ചു. ആയത് പ്രകാരം പ്രൊക്വർമെന്റ് കമ്മിറ്റി 20-02-2019-ലെ 3-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിൽ നിന്നും 3177 രൂപയുടെ അക്വാടെക് വാട്ടർ ടാങ്ക് വാങ്ങുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചു. തുടർന്നുള്ള ഭരണസമിതി യോഗത്തിൽ ഏറ്റവും കുറഞ്ഞ നിരക്കുള്ള അന്ന ട്രേഡ് ലിങ്ക്സ്, അടൂർ എന്ന സ്ഥാപനത്തിന്റെ 2540രൂപ വിലയുള്ള വാട്ടർ ടാങ്ക് വാങ്ങുന്നത് അംഗീകരിക്കാമെന്ന് സെക്രട്ടറി നിർദ്ദേശിച്ചു. എന്നാൽ 3177 രൂപ വിലയുള്ള അക്വാടെക് വാട്ടർ ടാങ്ക് വെർജിൻ പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ചതും ഐ.എസ്.ഒ മാർക്കുള്ളതുമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ഭരണസമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 28-02-2019-ലെ 1/3-ാം നമ്പർ തീരുമാന പ്രകാരം ടി സ്ഥാപനത്തിൽ നിന്നുമുള്ള വാട്ടർടാങ്ക് വാങ്ങുന്നതിന് ഭരണസമിതി തീരുമാനിച്ചു. പ്രസ്തുത ടെണ്ടർ നടപടി ക്രമത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അന്ന ട്രേഡ് ലിങ്ക്സ്, അടൂർ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ മാത്രമാണ് ടാങ്കിന്റെ വിലയോടൊപ്പം ജി.എസ്.ടി പ്രത്യേകമായി പറഞ്ഞത്. ഇത് പ്രകാരം ടി സ്ഥാപനം ക്വോട്ട് ചെയ്ത യൂണിറ്റ് കോസ്റ്റ് 3749 രൂപയാണ് (3177 + 18 % ജി.എസ്.ടി). കിക്കോ ബിസിനസ്സ് കോർപ്പറേഷൻ, അടൂർ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിലെ യൂണിറ്റ് കോസ്റ്റ് 3100 രൂപയും (ജി.എസ്.ടി ഉൾപ്പെടെ) അരുൺ പോളിമേഴ്സ്, മധുര എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിലെ യൂണിറ്റ് കോസ്റ്റ് 2900 (ജി.എസ്.ടി ഉൾപ്പെടെ) രൂപയുമാണ്. ഇത് പ്രകാരം വിലയിലുണ്ടായ വ്യത്യാസം യഥാക്രമം 649 രൂപ, 849 രൂപ എന്നിങ്ങനെയാണ്.

2. അന്ന ട്രേഡ് ലിങ്ക്സ്, അടൂർ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ പ്രകാരമുള്ള വാട്ടർ ടാങ്കിന് ഐ.എസ്.ഒ സർട്ടിഫിക്കേഷനും അരുൺ പോളിമേഴ്സ്, മധുര എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ പ്രകാരമുള്ള വാട്ടർ ടാങ്കിന് ഐ.എസ്.ഐ നിലവാരവുമാണുള്ളത്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ സ്ഥാപനത്തിനും ഐ.എസ്.ഐ സർട്ടിഫിക്കേഷൻ ഉൽപ്പന്നത്തിനും ലഭിക്കുന്ന 48pxഅംഗീകാരമാണ്. ഇവിടെ ഉൽപ്പന്നത്തിന് ലഭിക്കുന്ന അംഗീകാരം പരിഗണിക്കപ്പെട്ടില്ല.

3. അരുൺ പോളിമേഴ്സ്, മധുര എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ പ്രകാരമുള്ള വാട്ടർ ടാങ്കും വെർജിൻ പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ചതായിരുന്നുവെങ്കിലും കുറഞ്ഞ വില ക്വോട്ട് ചെയ്ത ടി സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കപ്പെട്ടില്ല.

4. വാട്ടർടാങ്കിന്റെ ഗുണനിലവാരം പരിശോധിച്ച് ആരും സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലല്ല ടെണ്ടർ അംഗീകാരം നൽകിയിട്ടുള്ളത്.

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.24/26-10-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയിൽ ശുപാർശ ചെയ്ത അന്ന ട്രേഡ് ലിങ്ക്സ് , അട്ടൂർ എന്ന സ്ഥാപനത്തിന്റെ അക്വാടെക്കിന്റെ വാട്ടർടാങ്കും അരുൺ പോളിമേഴ്സ്, മധുര എന്ന സ്ഥാപനത്തിന്റെ വാട്ടർടാങ്കും ഒരേ സ്പെസിഫിക്കേഷൻ ഉള്ളതാണ്. അക്വാടെക്കിന്റെ 15 വാട്ടർ ടാങ്കുകളാണ് വിതരണം ചെയ്തത്. ടി വാട്ടർ ടാങ്കുകളുടെ വിലയിലുണ്ടായ വ്യത്യാസം 849 രൂപയാണ്. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ 15 വാട്ടർ ടാങ്കുകളുടെ വിലയായ 12735 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 പട്ടികജാതി കുട്ടികൾക്ക് പഠനമുറി-മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ തുക നൽകി

പ്രോജക്ടിന്റെ പേരും നമ്പരും	പട്ടികജാതി കുട്ടികൾക്ക് പഠനമുറി(71/18-19)
വകയിരുത്തിയ തുക	200000 രൂപ
ചെലവഴിച്ച തുക	200000 രൂപ
ബിൽ നമ്പരും തീയതിയും	13 തീയതി 26-11-2019
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

ടി പ്രോജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ഓരോ ലക്ഷം രൂപ വീതം സബ്സിഡി നൽകി. ഹേമന്ദ് രവീന്ദ്രൻ, S/O രവിന്ദ്രൻ, തേക്കുംകാട്ടിൽ, നെല്ലിക്കമൺ എന്നയാൾക്ക് അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല തുക നൽകിയത്. കൂടാതെ മറ്റ് വകുപ്പുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിനായുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.25/26-10-2019)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ ടിയാൾക്ക് നൽകിയ 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം, മറ്റ് വകുപ്പുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഖണ്ഡികയിലെ പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

1-32 ആശ്രയ പദ്ധതി - തദ്ദേശസ്ഥാപന വിഹിതമായ 2 ലക്ഷം രൂപ സി.ഡി.എസ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ആശ്രയ പദ്ധതി വിഹിതം എന്ന പ്രോജക്ടിനായി 200000 രൂപ (ബിൽ നം2/12-10-2017) റാന്നി സബ്ട്രഷറിയിൽ നിന്നും പിൻവലിച്ചിരുന്നു. എന്നാൽ ടി തുക യൂണിയൻ ബാങ്കിന്റെ റാന്നി ശാഖയിലുള്ള സി.ഡി.എസ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-7 ആയി സൂചിപ്പിച്ചിട്ടുണ്ട്. ടി തുക സി.ഡി.എസ് അക്കൗണ്ടിൽ ഓഡിറ്റ് സമയത്തും ക്രഡിറ്റ് ചെയ്തിട്ടില്ല. തുക ലഭ്യമാകാതിരുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച എല്ലാ നടപടികളുടെയും വിവരം അറിയിക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് 200000 രൂപ സി.ഡി.എസിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധിൽപ്പെടുത്തുന്നു.

1-33 എസ്.സി വിവാഹ ധനസഹായം-അപാകതകൾ

പ്രോജക്ടിന്റെ പേരും നമ്പരും	എസ്.സി വിവാഹ ധനസഹായം (71/18-19)
വകയിരുത്തിയ തുക	150000 രൂപ
ചെലവഴിച്ച തുക	75000 രൂപ

ബിൽ നമ്പരും തീയതിയും	16 തീയതി 25-12-2018
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

ടി പ്രോജക്ട് പ്രകാരം അമലു വിജയൻ, D/O വിജയൻ.റ്റി.കെ, തേക്കുംകാട്ടിൽ, ഈട്ടിച്ചുവട് എന്നയാൾക്ക് വിവാഹധനസഹായമായി 75000 രൂപ നൽകി. 18-03-2018-ൽ നടന്ന വിവാഹത്തിന് 09-11-2018-ലാണ് ടിയാൾ അപേക്ഷ നൽകിയത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. എന്നാൽ ടി ഗുണഭോക്താവ് വിവാഹം കഴിഞ്ഞ് ആറുമാസത്തിന് ശേഷമാണ് ആനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചത്. കൂടാതെ പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻകുയറി (നം.26/26-10-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള രേഖകൾ ഹാജരാക്കി ഖണ്ഡികയിലെ പരാമർശം തീർപ്പാക്കേണ്ടതാണ്.

1-34 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

2018-19 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് ചുവടെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

ക്രമ നം	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ഡെപ്പോസിറ്റ് തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
1	കേരള വാട്ടർ അതോറിറ്റി	വലിയ കാവ് മണ്ണാറത്തറ പുളിമൺ കുടിവെള്ള പദ്ധതി (31/19)	2000000	0	2000000
2		കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (204/19)	1700000	0	1700000
3	കെ.എസ്.ഇ.ബി.	പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ (30/19)	1492668	0	1492668
4		വലിയ കാവ് മണ്ണാറത്തറ പുളിമൺ കുടിവെള്ള പദ്ധതി	2000000	0	2000000
5		സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (136/19)	592197	428001	164196
6	മൈനർ ഇറിഗേഷൻ വകുപ്പ്	വലിയ തോട് നവീകരണം (104/19)	4140000	0	4140000

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി (30/18-19) റാന്നി ഇലക്ട്രിക് ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. കെ.എസ്.ഇ.ബി യുമായുള്ള എഗ്രിമെന്റ് (നം.6/18-19 തീയതി 15-12-2018) പ്രകാരം 2019 മാർച്ച് മാസം 31 -ന് മുമ്പായി പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (136/19) എന്ന പ്രോജക്ടിന് 592197 രൂപ വകയിരുത്തിയിരുന്നുവെങ്കിലും 428001 രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്. വലിയ തോട് നവീകരണം (104/19) എന്ന പ്രോജക്ടിന് 4140000 രൂപ മൈനർ ഇറിഗേഷൻ ഓഫീസ്, പത്തനംതിട്ടയിൽ ഡെപ്പോസിറ്റ്

ചെയ്തിരുന്നു. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം നിരീക്ഷിക്കേണ്ടതും തിരികെ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-35 എസ്.എസ്.എ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ നമ്പരും പേരും	എസ്.എസ്.എ വിഹിതം അടവാക്കൽ (7/18-19)
വകയിരുത്തിയ തുക	800000- വികസന ഫണ്ട്
ചെലവഴിച്ച തുക	799150
ബിൽ നമ്പരും തീയതിയും	ബിൽ നം.9 തീയതി 16-04-2018
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

എസ്.എസ്.എ പദ്ധതി നിർവ്വഹണത്തിനായി 799150 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ 16-04-2018-ൽ എസ്.എസ്.എ കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം- 198210105940) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകി. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

1-36 വയോജനങ്ങൾക്ക് യോഗ പരിശീലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ നമ്പരും പേരും	വയോജനങ്ങൾക്ക് യോഗ പരിശീലനം (109/18-19)
വകയിരുത്തിയ തുക	100000 (വികസന ഫണ്ട്)
ചെലവഴിച്ച തുക	75200
ബിൽ നമ്പരും തീയതിയും	ബിൽ നം-2 തീയതി 22-02-2019- 46400 രൂപ ബിൽ നം-3 തീയതി 28-03-2019- 28800 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് മാനസികവും ശാരീരികവുമായ ആഗോഗ്യത്തിന് ഉതകുംവിധം യോഗ പരിശീലനം നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. യോഗ പരിശീലനം നൽകിയ രണ്ട് ഇൻസ്ട്രക്ടർമാർക്ക് പ്രതിദിനം 400 രൂപ നിരക്കിൽ വേതനം നൽകുന്നതിനാണ് പ്രസ്തുത തുക ചെലവഴിച്ചത്. ടി പദ്ധതിയുടെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ യോഗ പരിശീലനത്തിന് അർഹരായവരുടെ പേരു വിവരം ഇല്ല.
2. പരിശീലന പരിപാടിയിൽ പങ്കെടുത്തവരുടെ ഹാജർവിവരം ഇല്ല.
3. എത്ര പേർക്ക് പരിശീലനം നൽകി, ഏത് കാലയളവിൽ പരിശീലനം നൽകി, എത്ര ദിവസം പരിശീലനം നൽകി എന്നത് സംബന്ധിക്കുന്ന യാതൊരു രേഖകളുമില്ല.
4. പദ്ധതിയുടെ മോണിറ്ററിംഗ് സംബന്ധിക്കുന്ന രേഖകളില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-10/18-19 തീയതി 22-10-2019) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചിട്ടില്ലായെന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. കൂടാതെ പരിശീലന പരിപാടിയിൽ പങ്കെടുത്തവരുടെ ഹാജർ വിവരം ഇൻസ്ട്രക്ടർമാരുടെ കൈവശമെന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. എന്നാൽ ടി മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 75200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ടിന്റെ പേരും നമ്പരും	ഗവ.ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (99/18-19)
വകയിരുത്തിയ തുക	400000- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
ചെലവഴിച്ച തുക	400000
ബിൽ നമ്പരും തീയതിയും	1 തീയതി 31-12-2018
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ഗവ.ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി 31-12-2018-ൽ 400000 രൂപ ഔഷധി, തൃശ്ശൂർ എന്ന സ്ഥാപനത്തിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിരുന്നു. എന്നാൽ നാളിതുവരെ 356017 രൂപയുടെ മരുന്നുകളാണ് ലഭിച്ചത്. 43983 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-38 ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും (KAICO) നേരിട്ട് ഉൽപ്പാദനോപാധികൾ വാങ്ങി

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 7 പ്രോജക്ടുകളുടെ ഭാഗമായി 545267 രൂപയ്ക്കുള്ള വിത്തുകളും, തൈകളും, ജൈവവളം ഉൾപ്പടെയുള്ള മറ്റ് ഉല്പാദനോപാധികളും ടെണ്ടർ

നടപടികൾ സ്വീകരിക്കാതെ തിരുവല്ല ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും (KAICO) നേരിട്ട് വാങ്ങൽ നടത്തിയിട്ടുണ്ട്.

ക്രമ നം.	പ്രോജക്ടിന്റെ പേര്	വാങ്ങിയ സാധനങ്ങൾ	ചെലവഴിച്ച തുക		
			വി.ഫ.	ഗ്രാ.വി.	ആകെ
1	സമഗ്ര തെങ്ങ് കൃഷി (58/19)	തെങ്ങിൻ തൈ - 466 nos.@100 പയർ വിത്ത് - 233 kg.@100	58250	11650	69900
2	വാഴ കൃഷി വികസനം (74/19)	വാഴ വിത്ത് - 8575 nos.@15	128625	0	128625
3	ഫലവൃക്ഷ തൈകൾ വിതരണം (88/19)	ഫലവൃക്ഷ തൈകൾ (മംഗോസ്റ്റിൻ, മാവ്, സപ്പോട്ട, ജാതി) - 35 unit @1000	26250	8750	35000
4	സമഗ്ര കുരുമുളക് കൃഷി വികസനം (93/19)	ബുഷ് പെപ്പർ - 2400 nos. @8 സ്യൂഡോമോണസ് - 51 kg. @ 100 ട്രൈക്കോഡർമ – 51 kg. @ 100	41700	7500	49200
5	സമഗ്ര പുരയിട കൃഷി വികസനം (95/19)	കിഴങ്ങ് വിളകൾ (ചേന 2kg., ചേമ്പ് 2kg., കാച്ചിൽ 2kg., ഇഞ്ചി 1kg., മഞ്ഞൾ 1kg.) - 326 unit @422	137572	0	137572
6	സമഗ്ര പച്ചക്കറി കൃഷി വികസനം - വനിത (97/19)	ഗ്രോ ബാഗ് - 1275 @ 20 സ്യൂഡോമോണസ് - 51 kg. @ 100 ട്രൈക്കോഡർമ – 51 kg. @ 100 ബവേറിയ – 51 kg. @80 നീം കേക്ക് - 408 kg.@33 ബോൺമീൽ - 408 kg.@32 പച്ചക്കറി വിത്ത് - 51 pkt. @50 ചകരിച്ചോറ് - 306 kg. @20	50490	24480	74970
7	ആഫ്രിക്കൻ ഒച്ച് നശീകരണം (106/19)	പുകയില – ജൈവ കീടനാശിനി - 250 kg. @143 തുരിശ് - 66 kg.@217	50000	0	50000
	ആകെ		492887	52380	545267

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സാധനങ്ങളും, സേവനങ്ങളും വാങ്ങുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രോക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരവും, സബ്സിഡി മാർഗ്ഗരേഖ പ്രകാരവും KAICO-ൽ നിന്നും നേരിട്ട് ഉല്പാദനോപാധികൾ വാങ്ങുന്നതിന് വ്യവസ്ഥയില്ല. പ്രോജക്ടുകളുടെ ഭാഗമായി വാങ്ങിയിട്ടുള്ള വിത്തുകളും, വളങ്ങളും മറ്റ് ഉല്പാദനോപാധികളും KAICO ഉല്പാദിപ്പിക്കുന്നവയല്ല, മറിച്ച് KAICO ഇടനിലനിന്ന് ഇവ വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ, സർക്കാർ/അർദ്ധ സർക്കാർ/ ഗവ.അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ.)നം.3299/2016/തസ്വഭവ, തീ.02.12.2016).

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ജൈവ വളങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പുക്കുന്നവ എന്നിവയിൽനിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കുകയാണ് വേണ്ടത്. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതിയിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണ്. അതുപോലെതന്നെ വിത്തുകളും, തൈകളും കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി VFPCK എന്നിവിടങ്ങളിൽനിന്നും മാത്രമേ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളൂ.

ഈ സാഹചര്യത്തിൽ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലല്ലാതെയും, പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടർ ക്ഷണിക്കാതെയും KAICO-ൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

1-39 കാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

കൃഷി ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ ആകെ 2180732 രൂപ അടങ്കലുള്ള 8 പദ്ധതികളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 6 എണ്ണം വിള വർദ്ധനവിനുള്ളതും ഒരു പ്രോജക്ട് കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും, ഒരണ്ണം ആഫ്രിക്കൻ ഒച്ച് നശീകരണത്തിനും ഉള്ളവയായിരുന്നു. കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള പ്രോജക്ട് സാമ്പത്തിക വർഷാന്ത്യത്തിലേക്ക് നീണ്ടുപോയതിനാൽ ട്രഷറിയിൽ ബിൽ സമർപ്പിച്ച് വകയിരുത്തിയിരുന്ന തുക തൻവർഷം ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന 110000 രൂപ ഇതുമൂലം ലാപ്സായി. ആഫ്രിക്കൻ ഒച്ച് നിവാരണത്തിനുള്ള പദ്ധതിയ്ക്ക് കാലേക്കൂട്ടി അംഗീകാരം വാങ്ങിയിരുന്നെങ്കിലും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കിതിരുന്നതിനാൽ ഇതിനായി 50000 രൂപ ചെലവഴിച്ച് വാങ്ങിയ രാസ/ജൈവ കീടനാശിനികൾ പ്രയോഗിക്കാനാവാതെ 2018 ആഗസ്റ്റ് 14, 15 തീയതികളിലുണ്ടായ പ്രളയത്തിൽ നഷ്ടമായി.

കാർഷിക പ്രോജക്ടുകൾ എല്ലാം തന്നെ മേയ്, ജൂൺ, ജൂലായ് മാസങ്ങളിൽ നിർബന്ധമായും ആരംഭിക്കണമെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ വിളവർദ്ധനവിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളിൽ മിക്കവയും 2018 ഡിസംബർ മാസത്തിനു ശേഷമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഉദാഹരണമായി ഫലവൃക്ഷ തൈ വിതരണം, സമഗ്ര തെങ്ങ് കൃഷി വികസനം, പച്ചക്കറി കൃഷി വികസനം തുടങ്ങിയ പദ്ധതികൾ മാർച്ച് അവസാന വാരത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സമയക്രമം പാലിക്കിതിരുന്നതിനും, പർച്ചേസിനുള്ള പ്രോജക്ട് യഥാസമയം നടപ്പിലാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയതിനും വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/18.10.19) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കാർഷിക പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-40 തുല്യതാ പഠനം (67/19) – പദ്ധതി മോണിട്ടർ ചെയ്യുന്നില്ല

വരവൂർ ജി.യു.പി.എസ്. ഹെഡ്മിസ്ട്രസിന്റെ നിർവ്വഹണ ചുമതലയിൽ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 1 ലക്ഷം രൂപ വകയിരുത്തി തുല്യതാ പഠനം എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കും പ്രകാരം 99550 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

	ഗുണഭോക്താക്കളുടെ എണ്ണം/നിരക്ക്	തുക
10-ാം തരം തുല്യത	13 @1850	24050
11-ാം തരം തുല്യത	12 @2500	30000
ഭാഷാ കോഴ്സ്	11 @2500	27500
	9 @2000	18000
ആകെ		99550

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമല്ല. തുല്യതാ കോഴ്സിന് രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക് മാർ മുഖാന്തിരം ലഭ്യമാക്കിയിട്ടില്ല.

2. 10-ാം തരം തുല്യതാ പരീക്ഷയ്ക്ക് 46250 രൂപയും (25 @ 1850) ഹയർ സെക്കണ്ടറിയ്ക്ക് 50000 രൂപയും (20 @ 2500) 4, 7 ക്ലാസുകൾക്ക് 3750 രൂപയുമായിരുന്ന വകയിരുത്തിയിരുന്നത്. എന്നാൽ ഇപ്രകാരമല്ല തുക ഒടുക്കുവരുത്തിയിട്ടുള്ളത്.

3. 10-ാം തരം തുല്യതാ കോഴ്സിനുള്ള തുക ശാസ്താമംഗലം എസ്.ബി.ഐ. ശാഖയിലുള്ള അക്കൗണ്ടിലും, ഹയർ സെക്കണ്ടറി കോഴ്സ് ഫീസ് യൂക്കോ ബാങ്കിന്റെ പുത്തൻചന്ത മെയിൻ ബ്രാഞ്ചിലും നിക്ഷേപിക്കുന്നതിനാണ് മിഷൻ ഡയറക്ടർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ നിർദ്ദേശാനുസരണമല്ല തുക നിക്ഷേപിച്ചിട്ടുള്ളത്. തുക മുഴുവനും എസ്.ബി.ഐ. ശാസ്താമംഗലം ശാഖയിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചത്.

4. നിക്ഷേപം സംബന്ധിച്ച വിശദാംശം രേഖാമൂലം സാക്ഷരതാ മിഷന് ലഭ്യമാക്കുകയോ, കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

5. പദ്ധതിയുടെ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും, ഗുണഭോക്താക്കൾക്ക് സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെയും വിവരങ്ങളില്ല. പദ്ധതിയുടെ മോണിട്ടറിംഗ് ഇല്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-41 പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് ആവിഷ്കരിച്ച് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കാതിരിക്കുകയോ, ഭാഗീകമായി മാത്രം നടപ്പിലാക്കുകയോ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയിരുന്ന സർക്കാർ ഗ്രാന്റ് 308810 രൂപ ലാപ്സാകാനിടയായി.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്	ലാപ്സായ തുക
1	17	ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ	30000	7390	22610
2	96	ബാലസഭ പ്രവർത്തനങ്ങൾ	75000	0	75000
3	101	അങ്കണവാടികൾക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ	220000	8800	211200
		ആകെ			308810

അങ്കണവാടികൾക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 220000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് 24.04.2018-ൽ പ്രോജക്ടിന് അംഗീകാരം വാങ്ങിയിരുന്നു. അങ്കണവാടികൾക്കാവശ്യമായ പ്ലാസ്റ്റിക് കസേര, ഫാൻ, പി.വി.സി. വാട്ടർ ടാങ്ക് മുതലായവ വാങ്ങുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ നടപടി സ്വീകരിച്ചില്ല. പ്രോജക്ടിന് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് 2019 ഫെബ്രുവരി മാസവും, ടെണ്ടർ സ്വീകരിച്ച് പർച്ചേസ് ഓർഡർ നൽകിയിരിക്കുന്നത് മാർച്ച് അവസാന വാരത്തിലുമാണ്. പദ്ധതിയുടെ ഭാഗമായി തൻവർഷം 4 ഫാനുകൾ വാങ്ങുന്നതിന് 8800 രൂപ ചെലവഴിക്കുന്നതിന് മാത്രമാണ് ഇതുമൂലം സാധിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങിയതിന്റെ 133154 രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചത് 28.03.2019-ൽ മാത്രമാണ്. സാമ്പത്തിക വർഷാന്ത്യത്തിൽ നൽകിയ ഈ ബിൽ പണമാക്കാനാവാതെ കൃബില്ലായി.

പ്രോജക്ടുകൾ വിഭാവനം ചെയ്ത പ്രകാരവും, സമയബന്ധിതമായും നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയത് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-42 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (4/19) – അർഹമായ നിരക്കിൽ ആനുകൂല്യം നിഷേധിച്ചു

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ./ബി.പി.എൽ. എന്ന വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണെന്നും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ ആവശ്യത്തിന് സംയുക്തമായോ, ഒറ്റയ്ക്കോ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 450000 രൂപയും,

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 100000 രൂപയും ഉൾപ്പടെ ആകെ 550000 രൂപ അടങ്കൽ വകയിരുത്തി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് അത്രയും തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടിൽ മതിയായ തുക വകയിരുത്താതിരുന്നതിനാൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 100% ആനുകൂല്യം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്റ്റാൻഡേർഡിനെ അടിസ്ഥാനപ്പെടുത്തി കുറഞ്ഞത് 5300 മുതൽ 28500 രൂപ വരെ ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ശരാശരി 3600 രൂപ നിരക്കിലും, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് 21125 രൂപ നിരക്കിലുമാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിശദവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു (സ.ഉ.(സാധ.)നം.2465/2016/തസ്വഭവ., തീ.17.08.2016). എന്നാൽ ഇപ്രകാരമൊരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അർഹരായ എല്ലാവർക്കും ടി പ്രോജക്ടിന്റെ ആനുകൂല്യം ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

ഭിന്നശേഷിക്കാരുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

1-43 ടി.എച്ച്.ആർ.എസ്. ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയില്ല; അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസം കൂടുമ്പോൾ ഒരിക്കൽവീതം ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാരം പരിശോധനക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളിലേക്ക് നൽകി വന്നിട്ടുള്ള അമൃതം ഫുഡ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഇത്തരം ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയിട്ടുള്ളതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻവേണ്ടി എല്ലാ വർഷവും മേയ് 10-നകം അങ്കണവാടികളുടെ ഫിറ്റ്നസ് ഓവർസീയർ/എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് 22.03.11-ലെ 31055/ഡി.സി./2011/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികളുടെ 2018-19 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അങ്കണവാടി മുഖാന്തിരം വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ നടത്തുന്നുണ്ടെന്നും, അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് യഥാസമയം പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നുണ്ടെന്നും ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

1-44 മരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ

2018-19 വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പശ്ചാത്തല മേഖലയിലെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവച്ച് ഫലക്ഷമത ഇല്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു

പഞ്ചായത്തിനെ ഒരു യൂണിറ്റായിക്കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളാണ് അവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം റോഡ് നിർമ്മാണത്തിനായി 57 പുതിയ പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ സിംഹഭാഗവും 2 ലക്ഷം രൂപ അടങ്കലുള്ളതും, കേവലം 52 മീറ്റർ നീളം കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളതുമായിരുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് അസി.എഞ്ചിനീയർ പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യമാണ്.

(2) സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു സ്പിൽഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 24 സ്പിൽഓവർ പദ്ധതികളിൽ 831000 രൂപ അടങ്കലുള്ള 4 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി ഫൈനൽ പേയ്മെന്റ് നൽകിയിട്ടില്ല (പ്രോ.നം.158, 162, 168, 170). അപാകതയ്ക്ക് വിശദീകരണം ആവശ്യമാണ്.

(3) പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് ഫയലുകളിൽ രേഖകൾ ക്രമരഹിതമായും, അലക്ഷ്യമായുമാണ് സൂക്ഷിച്ചിട്ടുള്ളത്.
2. അംഗീകരിച്ച പ്രോജക്ട് എല്ലാ വർക്കു ഫയലുകളിലും സൂക്ഷിച്ചിട്ടില്ല (ഉദ: പ്രോ.നം. 140/19, 142/19, 137/19, 167/19)
3. എഗ്രിമന്റിൽ/എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല.
4. സെലക്ഷൻ നോട്ടീസ്, സൈറ്റ് ഹാൻഡ് ഓവർ ഫാറം, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ എല്ലാ ഫയലുകളിലും ലഭ്യമാക്കിയിട്ടില്ല (ഉദ: 163/19, 165/19, 159/19)
5. സെക്യൂരിറ്റി ഡെപ്പോസിറ്റായി സ്വീകരിക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ മടക്കി നൽകുന്നതിന്റെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.
6. എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ എല്ലാ ഫയലുകളിലും ലഭ്യമാക്കിയിട്ടില്ല (ഉദ: 121/19, 159/19, 138/19, 139/19, 141/19, 142/19)
7. എസ്റ്റിമേറ്റുകളുടെ TS slip-കൾ എല്ലാ ഫയലിലും സൂക്ഷിച്ചില്ല.
8. എഗ്രിമെന്റുകൾക്കൊപ്പം എഗ്രിമെന്റ് ഷെഡ്യൂൾ ലഭ്യമാക്കുന്നില്ല.
9. പുതുക്കിയ പി.ഡബ്ലു.ഡി മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി കരാർ പത്രം പരിഷ്കരിച്ചിട്ടില്ല. പഴയ മാതൃകയിലാണ് കരാർ ചമയ്ക്കുന്നത്.
10. മാന്വൽ ടെണ്ടറിലെ തിരുത്തലുകൾ ടെണ്ടർ ഓപ്പൺ ചെയ്യുന്ന വേളയിൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല (ഉദ: പ്രോജക്ട നം.161/19 - 10% കുറഞ്ഞ നിരക്ക് തിരുത്തി 1% കുറവ് എന്നാക്കിയിരിക്കുന്നു - കരാറുകാരൻ ശ്രീ മോൻ ജോസഫ്)
11. കരാറുകൾ അപൂർണ്ണമാണ്. കരാർ പത്രങ്ങളിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുകയോ, സാക്ഷികൾ കൈയ്യൊപ്പ് ഇട്ട് പഞ്ചായത്തിന്റെ മുദ്ര പതിപ്പിച്ച് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.
12. പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് ഒരു ഫയലിലും ലഭ്യമാക്കിയിട്ടില്ല.
13. അളവ് പുസ്തകങ്ങളിൽ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സിമിന്റ്, കമ്പി മുതലായവയുടെ അളവ് രേഖപ്പെടുത്തുന്നില്ല.
14. അസി.എഞ്ചിനീയർ TR7A മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.
15. വർക്ക് ബിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ടി അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-45 ഒരേ സാമ്പത്തിക വർഷം ഒരേ പേരിൽ രണ്ട് മരാമത്ത് പ്രോജക്ടുകൾ

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ താഴെപറയുന്ന ഒരേ പേരിലുള്ള രണ്ട് മരാമത്ത് പ്രവൃത്തികൾ 2018-19 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	കരാറുകാരൻ	അടങ്കൽ	ചെലവ്	ചെലവിന്റെ വിവരം
141/19	വളവൊടിക്കാവ് ഏഴോലി പുതിയ റോഡ് കോൺക്രീറ്റിംഗ്	ശ്രീ മോൻ ജോസഫ്	724000	454335	9/18-19 29.05.18
144/19	-ടി-	ശ്രീ മോൻ ജോസഫ്	75000	74733	7/18-19 29.05.18
	ആകെ			529068	

ടി രണ്ട് പ്രോജക്ടുകളുടെയും എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ സ്കെച്ച് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റോഡിന്റെ ഏത് റീച്ചുകളിൽ പ്രവൃത്തി നടത്തുന്നതിന് വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. ഒരേ റോഡിന്റെ പുനരുദ്ധാരണത്തിനുള്ള പ്രവൃത്തി മേൽപറഞ്ഞ പ്രകാരം വിഭജിച്ച് നടപ്പിലാക്കാനുണ്ടായ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-40/25-10-2019)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ അംഗീകരിച്ച എസ്റ്റിമേറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

1-46 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും, നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ്' **'അഗതി രഹിത കേരളം'** പദ്ധതി. ആയതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം.252/2017/തസ്വഭവ, തീ. 12.12.17 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 15718874 രൂപ അടങ്കലുള്ള അഗതി രഹിത കേരളം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് (ഡി.പി.ആർ) കുടുംബശ്രീ സംസ്ഥാന മിഷൻ എക്സി.ഡയറക്ടർ 10.03.19-ലെ കെ.എസ്./എൽ./13100/2018 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 90 അഗതി കുടുംബങ്ങൾക്ക് പരിചരണ സേവനങ്ങളുടെ പാക്കേജ് നടപ്പിലാക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ കാലയളവ് മൂന്ന് വർഷമാണ്. ചലഞ്ച് ഫണ്ട് ഇനത്തിൽ 921358 രൂപയും, തദ്ദേശ സ്ഥാപന വിഹിതം ഇനത്തിൽ 1221600 രൂപയും ഉൾപ്പടെ ആകെ 2142958 രൂപ പദ്ധതിക്ക് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ ഒരു രൂപ പോലും പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായിട്ടില്ല. ആശ്രയ പദ്ധതിയുടെ (1, 2 ഘട്ട പദ്ധതികൾ) ബാലൻസ് തുകയായ 1380016 രൂപ പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായിട്ടുണ്ട് (അങ്ങാടി സർവ്വീസ് കോ.ഓ.ബാങ്ക് അക്കൗണ്ട് നം.5966). ഇതിൽ 898463 രൂപ ചലഞ്ച് ഫണ്ടും, അവശേഷിച്ച തുക തദ്ദേശസ്ഥാപന വിഹിതവുമാണ്.

പദ്ധതിയ്ക്ക് 10.03.19-ൽ അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അംഗീകാരം വാങ്ങി 6 മാസങ്ങൾ പിന്നിട്ടിട്ടും പദ്ധതിയുടെ ഭാഗമായുള്ള ഭക്ഷ്യ ധാന്യ വിതരണം പോലും നടത്തിയിട്ടില്ലെന്നുള്ളത് ഈ പദ്ധതിയോട് അധികൃതർ കാണിക്കുന്ന അലംഭാവത്തിന്റെ ആഴം വ്യക്തമാക്കുന്നതാണ്. സി.ഡി.എസ്. അധികൃതരുടെയും, ചാർജ്ജ് ഓഫീസറുടെയും ഭാഗത്തുനിന്നും അക്ഷ്യന്തവ്യമായ കൃത്യവിലോപമാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്.

പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന തദ്ദേശസ്ഥാപന വിഹിതം സമാഹരിക്കുന്നതിനും, പദ്ധതി വിഭാവനം ചെയ്ത പ്രകാരം സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-47 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നില്ല; കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യപ്തം

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനാണ് റോഡിതര

മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. ഓഡിറ്റ് വർഷം ഈ ഇനത്തിൽ 27.80 ലക്ഷം രൂപയാണ് പഞ്ചായത്തിന് ലഭിച്ചത്. ഇതിൽ 85% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 13.6]. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമാണ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിരുന്നില്ല.

കൃത്യമായ ആസൂത്രണമില്ലാതെ മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിനാൽ, ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച് രണ്ട് ദശാബ്ദങ്ങൾ പിന്നിട്ടിട്ടും വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. കൈമാറിക്കിട്ടിയ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളുടെ നില പരിതാപകരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	നിലവിലെ അവസ്ഥ
പി.എച്ച്.സി.	വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളില്ല്ല. ലാബ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.
ഹോമിയോ ആശുപത്രി	NRHM പദ്ധതിയിൽ ആരംഭിച്ചിട്ടുള്ള ഹോമിയോ ആശുപത്രിക്ക് അടിസ്ഥാന സൗകര്യങ്ങളില്ല. പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിൽ ഒറ്റ മുറിയിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. കൺസൾട്ടിംഗ് റൂം, ഫാർമസി, രോഗികളുടെ കാത്തിരിപ്പ് കേന്ദ്രം എന്നിവ ഈ ഒറ്റമുറിയാണ്. കുടിവെള്ളം, ടോയിലറ്റ് എന്നിവ ഇല്ല.
അങ്കണവാടികൾ	20 അങ്കണവാടികൾ ഉള്ളതിൽ 7 എണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ഒരു അങ്കണവാടിയിൽ മാത്രമാണ് പൈപ്പ് കണക്ഷൻ ഉള്ളത്. 6 സ്ഥാപനങ്ങൾ വൈദ്യുതീകരിച്ചിട്ടില്ല. അങ്കണവാടികളിൽ ആവശ്യത്തിന് ഫർണിച്ചറുകൾ ലഭ്യമല്ല. 27-ാം നമ്പർ അങ്കണവാടി ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
കൃഷി ഭവൻ	വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളില്ല.
വെറ്ററിനറി ഡിസ്പൻസറി	പൈപ്പ് കണക്ഷൻ ഇല്ല. ടോയ്ലറ്റിൽ വാഷ് ബേസിൻ, പൈപ്പ്, ക്ലോസറ്റ്, ഫ്ലഷ് ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വാട്ടർ കണക്ഷൻ ഇല്ലാത്തതിനാൽ ജല ലഭ്യതയില്ല.

സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നത് ഉൾപ്പടെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വികരിക്കേണ്ടതാണ്.

1-48 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ വീഴ്ചവരുത്തി

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വികസന ഫണ്ട് ലാപ്സാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ ഓഡിറ്റ് വർഷം പട്ടികജാതി വികസന ഫണ്ടിനത്തിൽ ലഭ്യമായ ഫണ്ടിൽ 54% തുകയും ലാപ്സാക്കുകയാണുണ്ടായത്. പട്ടികജാതി വികസന ഫണ്ട് (എസ്.സി.പി.) ഇനത്തിൽ പഞ്ചായത്തിന് 2061000 രൂപയായിരുന്നു ലഭ്യമായിരുന്നത്. ലഭ്യമായ ഫണ്ടിൽ 46 ശതമാനം ഫണ്ട് മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ് എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ വീഴ്ചവരുത്തിയത്. എസ്.സി.പി. ഫണ്ട് വകയിരുത്തിയ 11 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 1746000 രൂപ അടങ്കൽ വകയിരുത്തിയ 8 പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല വഹിച്ചത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്നു. ഈ പ്രോജക്ടുകളിൽ 986000 അടങ്കലുള്ള 4 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടുകളുടെ പേര്	അടങ്കൽ
1	77/19	ലൈഫ് മിഷൻ വിഹിതം നൽകൽ	426000
2	80/19	എസ്.സി.വനിതകൾക്ക് സോപ്പ്, ഡിറ്റർജന്റ്, ലോഷൻ നിർമ്മാണത്തിൽ തൊഴിൽ പരിശീലനവും വിപണന കേന്ദ്രവും	150000
3	81/19	എസ്.സി. വനിതകൾക്ക് ശിങ്കാരി മേളം,ചെണ്ട പരിശീലനം	200000
4	115/19	എസ്.സി. വനിതകൾക്ക് ഓട്ടോറിക്ഷ	210000
		ആകെ	986000

എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-49 ശബരിമല ഫണ്ട് വിനിയോഗത്തിൽ വീഴ്ച

ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ശബരിമല തീർത്ഥാടന പാതയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ ശബരിമല സ്പെഷ്യൽ ഫണ്ട് അനുവദിക്കുന്നത്. ഓഡിറ്റ് വർഷം പഞ്ചായത്തിന് 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ മുന്നിരിപ്പ് ഉണ്ടായിരുന്ന 974007 ഉൾപ്പെടെ ആകെ 1474007 രൂപ ശബരിമല ഫണ്ട് ഇനത്തിൽ ലഭ്യമായിരുന്നെങ്കിലും 106096 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (7%). വർഷാന്ത്യത്തിൽ 1367911 രൂപ ഈ ഇനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനായി സർക്കാർ നൽകുന്ന പണം യഥാവിധി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ ഇട്ട് വകമാറ്റി ചെലവഴിക്കുകയാണ് പഞ്ചായത്ത് ചെയ്യുന്നത്. ശബരിമല തീർത്ഥാടകർക്ക് നേരിട്ട് പ്രയോജനപ്പെടുന്ന തരത്തിൽ പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-50 ഉറവിട മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി സ്തംഭനാവസ്ഥയിൽ

ഖരമാലിന്യ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഒരോ പ്രദേശത്തെയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജലവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള

രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേനയുടെ തുടർ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. "വയബിലിറ്റി ഗ്യാപ് ഫണ്ട് - ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ (പ്രോജക്ട് നം.173/19)" എന്ന പേരിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ 400000 രൂപ തനത് ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും പദ്ധതി പ്രാവർത്തികമായിട്ടില്ല. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽസ് കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്.

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുക, ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക, സാങ്കേതിക സഹായം ലഭ്യമാക്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപം നടത്തുക, പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുക, നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്ന ബോദ്ധ്യം അധികൃതർക്ക് ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ഹരിത കേരള മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ തകിടം മറിക്കുന്നതായിരിക്കുമെന്ന കാര്യം അധികൃതരെ ഓർമ്മപ്പെടുത്തുന്നു.

1-51 സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു - മാർഗ്ഗരേഖയുടെ ലംഘനം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് റാന്നി ടഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 2018-19 വർഷാന്ത്യത്തിൽ 443209 രൂപ ചെലവാകാതെ അവശേഷിച്ചു.

സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് ചെലവഴിക്കാതെ ഇപ്രകാരം അക്കൗണ്ടിൽ നിലനിർത്തിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ. (പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് (zero balance) ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു.

മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കോൺക്രീറ്റിംഗിന്റെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല – പഞ്ചായത്ത് ഫണ്ടിന് 10824 രൂപ നഷ്ടം

2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി 7-ാം വാർഡിലെ കോയിക്കൽപടി കാവുകണ്ടത്തിൽപടി റോഡ് വെള്ളകെട്ടുള്ള ഭാഗം quarry muck ഉപയോഗിച്ച് ഉപരിതലം ഉയർത്തി 217 മീറ്റർ നീളത്തിൽ CC 1:4:8 10cm, CC 1:2:4 7.5cm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 900000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ, കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ശ്രീ പി.വി. സോമശേഖരൻ നായർ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 552023 രൂപയുടെ പ്രവൃത്തി നടത്തി. നികുതികളും, ക്ഷേമനിധി വിഹിതവും കിഴിവ് ചെയ്ത് 529943 രൂപ കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം(4) 217x3.00x0.100=65.101cum അളവിൽ 1:4:8 അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്തുന്നതിനും, ഇനം(5) ഇതേ നീളത്തിലും, വീതിയിലും 7.5cm കനത്തിൽ 48.825cum അളവിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു. പ്രവൃത്തിയുടെ അളവ് പുസ്തകം പരിശോധിച്ചതിൽ ഇനം. 4 പ്രകാരം 59.82 cum പ്രവൃത്തി നടത്തിയിട്ടുള്ളതായി കണ്ടു.

20	3	0.1	6
20	3	0.1	6
20	3	0.1	6
15	3	0.1	4.5
5	3	0.1	1.5
20	3	0.1	6
20	3	0.1	6
20	3	0.1	6
20	3	0.1	6
20	3	0.1	6
19.4	3	0.1	5.82
199.4	**33**	**1.1**	**59.82**

മേൽ കാണിച്ചിരിക്കുന്ന പ്രകാരം സബ് ബേസ് കോൺക്രീറ്റിംഗ് നടത്തിയ പ്രതലത്തിലാണ് 1:2:4 അനുപാതത്തിൽ 7.5cm കനത്തിൽ കോൺക്രീറ്റിംഗ് (wearing coat) നടത്തേണ്ടത്. എന്നാൽ ബേസ് കോൺക്രീറ്റിംഗ് നടത്തിയ അളവിന് വ്യത്യസ്തമായി ചുവടെ ചേർക്കും പ്രകാരം 219 മീറ്റർ നീളത്തിൽ wearing coat നിർമ്മിച്ചിട്ടുള്ളതായാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് അംഗീകരിക്കാനാവില്ല.

അളവ് രേഖപ്പെടുത്തിയിട്ടുള്ളത്	അനുവദനീയമായത്
20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 19.4 3 0.075 4.37 **219.4 33 0.83 49.37**	20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 15 3 0.075 3.38 5 3 0.075 1.13 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 20 3 0.075 4.5 19.4 3 0.075 4.37 **199.4 33 0.83 44.87**

എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവ് തെറ്റാണെന്ന് സ്പഷ്ടമാണ്. തെറ്റായി അളവ് രേഖപ്പെടുത്തിയത് മൂലം കരാറുകാരന് 4.5cum പ്രവൃത്തിയുടെ പ്രതിഫലം ഇനത്തിൽ 10824 രൂപ അധികം നൽകിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/25.10.19) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ 4.5cum പ്രവൃത്തി നടത്തിയത് നിലവിലുണ്ടായിരുന്ന സബ്ബോസിന് (Existing concrete surface) മുകളിലാണെന്നാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശമില്ല. മാത്രവുമല്ല എം.ബുക്കിൽ അളവ് രേഖപ്പെടുത്തുന്ന വേളയിൽ നിലവിലുള്ള സബ്ബേസിന് മുകളിൽ നടത്തിയിട്ടുള്ള പ്രവൃത്തിയുടെ അളവ് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ അസി.എഞ്ചിനീയറുടെ വിശദീകരണം അംഗീകരിക്കാനാവില്ല.

അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ, തീ.
2018-19	17.06.2019 – 19.06.2019	കെ.എസ്.എ.പി.റ്റി.എ.പി.1/602(28)/19, തീ.08.07.2019

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പദ്ധതി പേര്, നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്		679508	ലൈഫ് മിഷൻ പദ്ധതി (76/19)	580000	99508
		200000	അങ്കണവാടി പോഷകാഹാര പരിപാടി (2/19)	133595	66405
		2000000	മാമുക്ക് പാലത്തിന് സമീപം കുട്ടികളുടെ പാർക്ക് (117/19)	2000000	0
ബ്ലോക്ക് പഞ്ചായത്ത്		523953	ലൈഫ് മിഷൻ പദ്ധതി (76/19)	300000	223953
		138890	അങ്കണവാടി പോഷകാഹാര പരിപാടി (2/19)	85547	53343
		2000000	വലിയ തോട് നവീകരണം (104/19)	2000000	0
		100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (4/19)	100000	0
		100000	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (75/19	100000	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ഡെപ്പോസിറ്റ് തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
കേരള വാട്ടർ	വലിയ കാവ് മണ്ണാറത്തറ	2000000	0	2000000

അതോറിറ്റി	പുളിമൺ കുടിവെള്ള പദ്ധതി (31/19)			
	കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (204/19)	1700000	0	1700000
കെ.എസ്.ഇ.ബി.	പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ (30/19)	1492668	0	1492668
	വലിയ കാവ് മണ്ണാറത്തറ പുളിമൺ കുടിവെള്ള പദ്ധതി	2000000	0	2000000
	സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (136/19)	592197	428001	164196
മൈനർ ഇറിഗേഷൻ വകുപ്പ്	വലിയ തോട് നവീകരണം (104/19)	4140000	0	4140000

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3040000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ ഉദ്ദേശ്യം	വായ്പ തുക	തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് മിഷൻ പദ്ധതി ((KURDFC))	3040000	3040000	0	3040000

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക നം	സമാഹൃത റിപ്പോർട്ട് വർഷം	സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2.1	2016-17	അനുബന്ധം -3	വസ്തു നികുതി	നിയമസഭാസമിതിയുടെ പരിഗണനയിലാണ്.
2014-15	2.2	2016-17	അനുബന്ധം -3	തൊഴിൽ നികുതി	നിയമസഭാസമിതിയുടെ പരിഗണനയിലാണ്.

4-9 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	81016659.62
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	65130538
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	10824
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1059103

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
3-1	-	10824	ശ്രീമതി അനി ഷിജി, അസി.എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-27	126431	ശ്രീമതി സുധ എസ്., സെക്രട്ടറി
1-291(1)	122644	ശ്രീ ബിനുകുമാർ ടി., വി.ഇ.ഒ.
1-291(2)	33025	ശ്രീ ബിനുകുമാർ ടി., വി.ഇ.ഒ.
1-29 (2)	60000	ശ്രീ ബിനുകുമാർ ടി., വി.ഇ.ഒ.
1-30	12735	ശ്രീ ബിനുകുമാർ ടി., വി.ഇ.ഒ.
1-31	100000	ശ്രീ ബിനുകുമാർ ടി., വി.ഇ.ഒ.
1-36	75200	ഡോ.വി.ഒ.സജി, മെഡിക്കൽ ഓഫീസർ (ആയുർവേദം)
1-45	529068	ശ്രീമതി അനി ഷിജി, അസി.എഞ്ചിനീയർ

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി അനി ഷിജി, അസി.എഞ്ചിനീയർ	എൽ.എസ്.ജി.ഡി., റാന്നി അങ്ങാടി	ചേരിതുണ്ടിയിൽ വീട്, കുന്നം, വെച്ചൂച്ചിറ പി.ഒ. പത്തനംതിട്ട ജില്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96	എൽ.എഫ്.പി.റ്റി.എ-പി 2/363/1997 തീയതി 09-09-1997	1
1996-97	എൽ.എഫ്.പി.റ്റി.എ-പി 2/30/1998 തീയതി 30-06-1999	3
1997-98	എൽ.എഫ്.പി.റ്റി.എ-പി 2/586/1998 തീയതി 11-08-2000	1
1999-00 (ചെലവ്)	എൽ.എഫ്.പി.റ്റി.എ-പി 2/460/2001 തീയതി 05-11-2001	3
1999-00 (വരവ്)	എൽ.എഫ്.പി.റ്റി.എ-പി 2/579/2004 തീയതി 21-03-2005	6
2000-01	എൽ.എഫ്.പി.റ്റി.എ-പി 2/580/04തീയതി 12-01-2005	3
2001-02	എൽ.എഫ്.പി.റ്റി.എ-പി.2/756/2004 തീയതി 05-05-2005	2
2002-03	എൽ.എഫ്.പി.റ്റി.എ-പി 2/65/2005 തീയതി 10-06-2005	2
2003-04	എൽ.എഫ്.പി.റ്റി.എ-പി2/325/2005 തീയതി 14-11-2005	2
2004-05	എൽ.എഫ്.പി.റ്റി.എ-പി3/924/2007തീയതി 31-01-2008	3
2005-06	എൽ.എഫ്.പി.റ്റി.എ-പി.9/843/2009 തീയതി 30-07-2010	7
2006-07	എൽ.എഫ്.പി.റ്റി.എ-പി.9/268/2010 തീയതി 04-04-2011	9
2007-08	എൽ.എഫ്.പി.റ്റി.എ-പി10/211/11 തീയതി 04-02-2013	7
2008-09 to 2010-11	എൽ.എഫ്.പി.റ്റി.എ-പി.9/332/13 തീയതി 31-07-2013	10
2011-12	എൽ.എഫ്.പി.റ്റി.എ-പി 6/306/2013 തീയതി 13-08-2014	24
2012-13	കെ.എസ്.എ.പി.റ്റി.എ-പി 6/1203/14 തീയതി 26-03-2015	8
2013-14	കെ.എസ്.എ.പി.റ്റി.എ-പി 6/487/16 തീയതി 04-05-2016	8
2014-15	കെ.എസ്.എ.പി.റ്റി.എ-പി 6/681/16 തീയതി 21-06-2016	20
2015-16	കെ.എസ്.എ..പി.റ്റി.എ-പി 6/1288/16 തീയതി 02-12-2016	28
2016-17	കെ.എസ്.എ.പി.റ്റി.എ-പി 6/1288/16 തീയതി 2-12-2016	23
2017-18	കെ.എസ്.എ.പി.റ്റി.എ.പി6/1631 /18തീയതി : 10.01.2019	എല്ലാ ഖണ്ഡികകളും

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

ANNEXURE-1 AUDIT CERTIFICATE

No.KSAPTA/P 6/926/19 Dated:05-12-2019

Certified that I have examined the Annual Financial Statement of **Ranni Angadi Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ranni Angadi Grama Panchayat** for the year 2018-19 except the observations in my report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department,
District Audit Office, Pathanamthitta.

അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.6/926/19 തീയതി:05-12-2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.